25
2024
ഏപ്രിൽ
വ്യാഴം
മേടം 13

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.172 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-172 പേജ് 4. വില 2.00 രൂപ

02 നിരുപാധികം മാപ്പ് പറഞ്ഞ് വീണ്ടും പതഞ്ജലിയുടെ പരസ്യം
03 കന്നിവോട്ടർമാരുടെ ശ്രദ്ധയ്ക്ക്; വോട്ട് ചെയ്യേണ്ടത് ഇങ്ങനെ
04 വോട്ടിംഗ് യന്ത്രത്തിൽ ഹാക്കിംഗിനോ അട്ടിമറിക്കോ തെളിവില്ലെന്ന് സുപ്രീംകോടതി



## ആകാശം മുട്ടി ആവേശം; പ്രവർത്തകർക്കൊപ്പം പങ്കുചേർന്ന് രാജീവ്

തിരുവനന്തപുരം: എൻഡിഎ പ്രവർത്തകരുടെ ആവേശകരമായ ശക്തി പ്രകടനത്തോടെ രാജീവ് ചന്ദ്രശേഖറിന്റെ പരസ്യ പ്രചാരണത്തിന് പേരൂർക്കടയിൽ കൊട്ടിക്കലാശത്തോടെ സമാപനം. പ്രചരണത്തിലുടനീളം എൻഡിഎക്ക് നൽകിയ ജനപിന്തുണ കൊട്ടി കലാശത്തിലും ലഭിച്ചു. ഉച്ചയോടെ പേരൂർക്കട ജംഗ്ഷനിൽ നൂറ് കണക്കിന് ബൈക്ക് റാലിയുടെ അകമ്പടിയോടെയെത്തിയ എൻഡിഎയുടെ പ്രവർത്തകർ ചെണ്ട മേളം, ബാന്റ് മേളം വെടിക്കെട്ട്, പൂക്കാവടി എന്നിവ കൊട്ടികലാശത്തിന് ആവേശം പകർന്നു.സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖറിന്റെ പത്നി അഞ്ജുവും മകൻ വേദും കൊട്ടിക്കലാശത്തിന് ആവേശം പകരാൻ എത്തിയിരുന്നു. വൈകിട്ട് 4.30 ഓടെ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ പ്രവർത്തകർക്കിടയിലേക്കിറങ്ങിയപ്പോഴേക്കും കലാശക്കൊട്ട് ആവേശം വാനോളം പൊങ്ങി.

ഹർഷാരവങ്ങൾക്കൊപ്പം മഴ കൂടി പെയ്തതിറങ്ങിയതോടെ ആവേശം വീണ്ടും വർദ്ധിച്ചു. സ്ഥാനാർത്ഥി നിർത്താതെ പെയ്ത മഴ നനഞ്ഞ് പ്രവർത്തകർക്ക് ആവേശം പകർന്നു.

രാജീവ് ചന്ദ്രശേഖറിന്റെ ചിത്രമടങ്ങിയ കൂറ്റൻ ഫ്ലക്സ് പതിച്ച ക്രയ്നിൽ കയറിയ സ്ഥാനാർത്ഥി പൂക്കൾ വിതറി ജനങ്ങളെ അഭിവാദ്യം ചെയ്തു. സ്ഥാനാർത്ഥിക്കൊപ്പം ജില്ലാ പ്രസിഡന്റ് വിവി. രാജേഷ്, മുതിർന്ന നേതാവ് ഒ രാജഗോപാൽ, ദേശീയ നിർവാഹക സമിതി അംഗങ്ങളായ കുമ്മനം രാജശേഖരൻ, പി കെ കൃഷ്ണദാസ്, വക്താവ് സന്ദീപ് വാചസ്പതി എന്നിവരും പ്രവർത്തകർക്ക് ആവേശം പകരാനെത്തിയിരുന്നു.

## 11 വർഷത്തിനുശേഷം നിമിഷപ്രിയയെ കണ്ട് അമ്മ


സന: വധശിക്ഷയ്ക്കുവിധിക്കപ്പെട്ട് യെമനിലെ ജയിലിൽ കഴിയുന്ന നിമിഷപ്രിയയെ അമ്മ പ്രേമകുമാരി സന്ദർശിച്ചു. സനയിലെ ജയിലിൽ പ്രത്യേക മുറിയിൽ വെച്ചായിരുന്നു നിമിഷപ്രിയയുടേയും അമ്മയുടേയും കൂടിക്കാഴ്ച.

വൈകാരികമായ നിമിഷങ്ങളായിരുന്നു ഇരുവരുടേയും കൂടിക്കാഴ്ചയിൽ ഉണ്ടായിരുന്നത്. യെമൻ സമയം ഉച്ചയോടുകൂടിയാണ് സനയിലെ ജയിലിലെത്തി നിമിഷപ്രിയയെ പ്രേമകുമാരി കണ്ടത്.

മണിക്കൂറുകൽ നീണ്ട കൂടിക്കാഴ്ചയ്ക്ക് ജയിലധികൃതർ അവസരമൊരുക്കി. നിമിഷപ്രിയയ്ക്കൊപ്പം ഭക്ഷണം കഴിക്കാൻ അമ്മയെ അനുവദിച്ചു. വൈകീട്ടുവരെ കൂടിക്കാഴ്ച നീണ്ടു.

# ടിഎസ്എസ്എസ് അക്കൗണ്ടുകൾ പുനരുജ്ജീവിപ്പിക്കാൻ നടപടി തുടങ്ങി:രാജീവ് ചന്ദ്രശേഖർ





തിരുവനന്തപുരം.വിഴിഞ്ഞം സമരത്തോടനുബന്ധിച്ചു നടന്ന പ്രശ്നങ്ങളും,പോലീസ് നടപടികളും അതിനെതുടർന്നു തിരുവനന്തപുരംലത്തീൻ അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ ടിഎസ്എസ്എസിന്റെ അക്കൗണ്ടുകൾ മരവിപ്പിക്കുന്ന സാഹചര്യം ഉണ്ടായിരുന്നു.ഇതുസംബന്ധിച്ച് ലത്തീൻ അതിരൂപത നേതൃത്വവുമായി നേരത്തെതന്നെ ചർച്ചചെയ്തിട്ടുള്ളതാണ്.തുടർന്നു ഇക്കാര്യത്തിൽ അതിരൂപത എഫ്സിആർഏ(FCRA) രജിസ്ട്രേഷനുവേണ്ടി പുതിയ അപേക്ഷ സമർപ്പിക്കുകയും അക്കൗണ്ടുകൾ പുനരുജ്ജീവിപ്പിക്കുവാൻ കേന്ദ്ര ആഭ്യന്തരമന്ത്രാലയം ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിച്ചുവരികയുമാണ്.ഇന്ത്യയിലെ ആദ്യത്തെ എൻജിഓ ആയിട്ടുള്ളതും പവപ്പെട്ട ജനവിഭാഗത്തിനുവേണ്ടി സാമൂഹ്യ മേഖലകളിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ടിഎസ് എസ്എസ് പോലുള്ള പ്രസ്ഥാനങ്ങളെ സഹായിക്കുകയും ആവിശ്യമായ പിൻതുണ നൽകുകയും ചെയ്യുന്നതിനാണ് മുഖ്യ പരിഗണനയെന്നു രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

എന്നാൽ ഇപ്പോൾ ലത്തീൻ അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ ടിഎസ്എസ്എസി ന്റെ അക്കൗണ്ടു മരവിപ്പിച്ചെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകളിൽ അടിസ്ഥാനമില്ലന്നാണ് ഈ വിഷയത്തിൽ ലത്തീൻ അതിരൂപതയുമായി ആശയവിനിമയം നടത്തിയപ്പോൾ അറിയുവാൻ കഴിഞ്ഞത്. ഇപ്പോൾ പ്രചരിക്കുന്ന വാർത്ത വസ്തുതാപരമല്ലന്നും, പ്രചരിക്കുന്ന തരത്തിലുള്ള കാഴ്ചപ്പാട് സഭക്കില്ലന്നും അതിരൂപത നേതൃത്വം വ്യക്തമാക്കി.

നിക്ഷിപ്ത രാഷ്ട്രീയ താൽപര്യങ്ങൾ വച്ചു പുലർത്തുന്ന ചിലർ സാധാരണ ജനങ്ങളുടെ മനസ്സിൽ തെറ്റിദ്ധാരണ പടർത്തുവാനുള്ള കുൽസിത ശ്രമങ്ങളുടെ ഭാഗമാണന്നും രാജീവ് ചന്ദ്രശേഖർ പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു.അത്തരം പ്രചരണങ്ങളെ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയണമെന്നും പ്രസ്താവന ചൂണ്ടിക്കാട്ടുന്നു.

# ഇനി നിശബ്ദ പ്രചരണം

തിരുവനന്തപുരം: സംസ്ഥാനത്ത് ഒരു മാസത്തിലേറ നീണ്ടുനിന്ന ലോക്സഭ തെരഞ്ഞുടപ്പിൻറെ പരസ്യ പ്രചരണം അവസാനിച്ചു. ഇന്ന് വൈകുന്നേരം ആറോടെയാണ് പരസ്യപ്രചരണം കൊട്ടിക്കലാശിച്ചത്. ഇനി നിശബ്ദ പ്രചരണങ്ങളുടെ സമയമാണ്.

യുഡിഎഫ്, എൽഡിഎഫ്, എൻഡിഎ സ്ഥാനാർഥികളും പ്രവർത്തകരും 20 മണ്ഡലങ്ങളിലെയും നഗരങ്ങൾ കീഴടക്കിയിരിക്കുകയാണ്. പ്രവർത്തകർ റോഡ് ഷോകൾ ആരംഭിച്ചുകഴിഞ്ഞു. കൊടിതോരണങ്ങളും ബലൂണുകളും കൂറ്റൻ ഫ്ലക്സ് ബോർഡുകളും ചെണ്ടമേളങ്ങളും കൊണ്ട് കൊട്ടിക്കലാശം ആവേശത്തിലാക്കിയിരിക്കുകയാണ് ഓരോ മുന്നണികളും. അതേസമയം വയനാട്ടിയിൽ യുഡിഎഫ് പാതകകൾ ഉപയോഗിക്കാതെയാണ് കൊട്ടികലാശത്തിനും എത്തിയിരിക്കുന്നത്. മലപ്പുറത്തും ഇടുക്കിയിലും നേരിയ സംഘർഷം ഉണ്ടായി. ആയിരക്കണക്കിന് പോലീസുകാരെയാണ് ഓരോ മണ്ഡലത്തിലും സുരക്ഷയ്ക്കായി ചുമലതപ്പെടുത്തിയിരിക്കുന്നത്.വെള്ളിയാഴ്ച രാവിലെ ഏഴിനാണ് വോട്ടെടുപ്പ് ആരംഭിക്കുന്നത്. സംസ്ഥാനത്തെ ഇരുപത് മണ്ഡലങ്ങളിലും യുഡിഎഫ്, എൽഡിഎഫ്, എൻഡിഎ സ്ഥാനാർഥികൾ കൊട്ടിക്കലാശത്തിനിറങ്ങി. വയനാട്ടിൽ യുഡിഎഫ് സ്ഥാനാർഥി രാഹുൽ ഗാന്ധി കൊട്ടിക്കലാശത്തിനെത്തിയില്ല.

കൊടിതോരണങ്ങളും ബലൂണുകളും ചെണ്ടമേളങ്ങളും കൊണ്ട് കൊട്ടിക്കലാശം ആവേശത്തിലാക്കി ഓരോ മുന്നണികളും. ക്രെയിൻ എത്തിച്ചായിരുന്നു എൻഡിഎയുടെ കലാശകൊട്ട്. കാസർഗോഡ് എം.എൽ. അശ്വനിയും കൊല്ലത്ത് ജി. കൃഷ്ണകുമാറും ആറ്റിങ്ങൾ വി. മുരളീധരനും തിരുവനന്തപുരത്ത് രാജീവ് ചന്ദ്രശേഖറും ഉൾപ്പെടെയുള്ള എൻഡിഎ സ്ഥാനാർഥികൾ ക്രെയിനിലേറിയാണ് കൊട്ടിക്കലാശം ആവേശത്തിലാക്കിയത്.

തിരുവനന്തപുരത്ത് യുഡിഎഫ് സ്ഥാനാർഥി ശശി തരൂരും ക്രെയിനിലേറി ആവേശം വാനോളം ഉയർത്തി. അതേസമയം മലപ്പുറത്തും ഇടുക്കിയിലും നേരിയ സംഘർഷം ഉണ്ടായി.

## വോട്ടെടുപ്പിന് സുരക്ഷയൊരുക്കാൻ 66,303 പോലീസുകാർ

തിരുവനന്തപുരം: ലോക്സഭ തെരഞ്ഞെടുപ്പിൽ സുരക്ഷിതവും സമാധാനപൂർണവുമായ വോട്ടെടുപ്പ് ഉറപ്പാക്കുന്നതിന് 66,303 സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചതായി മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.

കേരള പോലീസും കേന്ദ്രസേനയുമാണ് വോട്ടെടുപ്പിന് കർശന സുരക്ഷ ഒരുക്കുന്നത്. സംസ്ഥാനത്ത് 25,231 ബൂത്തുകളാണ് ഇക്കുറിയുള്ളത്.

13,272 സ്ഥലങ്ങളിലായി ഒരുക്കിയ ഈ ബൂത്തുകളുടെ സുഗമമായ നടത്തിപ്പിനും സുരക്ഷയ്ക്കുമായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻറെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പോലീസ് വിന്യാസമാണ് സംസ്ഥാനത്തൊട്ടാകെ ഏർപ്പെടുത്തിയിട്ടുള്ളത്.

എഡിജിപി എം. ആർ. അജിത്ത് കുമാറാണ് പോലീസ് വിന്യാസത്തിൻറെ നോഡൽ ഓഫീസർ. പോലീസ് ഇൻസ്പെക്ടർ ജനറൽ (ഹെഡ് ക്വാർട്ടേഴ്സ്) ഹർഷിത അട്ടല്ലൂരി അസി. സംസ്ഥാന പോലീസ് നോഡൽ ഓഫീസറായും നിയോഗിച്ചിട്ടുണ്ട്.

ഇവരുടെ നേതൃത്വത്തിൽ 20 ജില്ലാ പോലീസ് മേധാവിമാരുടെ കീഴിൽ പോലീസ് ജില്ലകളെ 144 ഇലക്ഷൻ സബ്ബ് ഡിവിഷൻ മേഖലകളാക്കിയിട്ടുണ്ട്. ഓരോന്നിൻറെയും ചുമതല ഡിവൈഎസ്പി അല്ലെങ്കിൽ എസ്പിമാർക്കാണ്.

183 ഡിവൈഎസ്പിമാർ, 100 ഇൻസ്പെക്ടർമാർ, 4540 എസ്ഐ, എഎസ്ഐമാർ, 23932 സീനിയർ സിവിൽ പോലീസ് ഓഫീസർമാർ, 2874 ഹോം ഗാർഡുകൾ, 4383 ആംഡ് പോലീസ് ബറ്റാലിയൻ അംഗങ്ങൾ, 24327 എസ്പിഒമാർ എന്നിവരാണ് സംസ്ഥാനത്ത് സുരക്ഷയൊരുക്കുന്നത്.

കൂടാതെ 62 കമ്പനി സിഎപിഎഫും(സെൻട്രൽ ആംഡ് പോലീസ് ഫോഴ്സ്) സുരക്ഷയൊരുക്കുന്നുണ്ട്. ഇതിൽ 15 കമ്പനി മാർച്ച് മൂന്നിനും 21 നുമായി സംസ്ഥാനത്തെത്തിയിരുന്നു. ബാക്കി 47 കമ്പനി സേന തമിഴ്നാട്ടിലെ വോട്ടെടുപ്പ് പൂർത്തിയായ ശേഷം ഏപ്രിൽ 20 ന് എത്തിയിരുന്നു.

പ്രശ്ന ബാധിതമാണെന്ന് കണ്ടെത്തിയിട്ടുള്ള പോളിംഗ് സ്റ്റേഷനുകളിൽ കേന്ദ്രസേനയുൾപ്പെടെ അധിക പോലീസ് സേനയെ വിന്യസിച്ചിട്ടുണ്ട്. സിഎപിഎഫിൽ നിന്നുള്ള 4464 പേരെയും തമിഴ്നാട്ടിൽ നിന്നും 1500 പോലീസുകാരെയും വിന്യസിച്ചിട്ടുണ്ട്.

ഓരോ പോലീസ് സ്റ്റേഷനുകീഴിലും ക്രമസമാധാന പാലനത്തിനായി രണ്ടു വീതം പട്രോൾ ടീമുകളെ സജ്ജമാക്കിയിട്ടുണ്ട്.

## വിഴിഞ്ഞം മാതൃതുറമുഖം സാനിറ്റേഷൻ നടത്തി സർട്ടിഫിക്കറ്റ് നൽകി

അന്താരാഷ്ട്ര തുറമുഖ നിർമ്മാണ കമ്പനിയായ അദാനിയുടെ ജലയാനങ്ങൾക്കാണ് വിഴിഞ്ഞം മാതൃതുറമുഖം സാനിറ്റേഷൻ നടത്തി സർട്ടിഫിക്കറ്റ് നൽകിയത്. വിഴിഞ്ഞത്തു നിന്ന് കൊളംബോയിലേക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കായി കൊണ്ടു പോകുന്ന ജലേഷ 5 എന്ന ടഗ്ഗിനും

ശാന്തി സാഗർ 10 എന്ന ഡ്രഡ്ജറിനുമാണ് വിഴിഞ്ഞം മാതൃതുറമുഖത്ത് അണുനശീകരണം നടത്തി ഇന്റർനാഷണൽ ഷിപ്പ് സാനിറ്റേഷൻ എക്സംപ്ഷൻ സർട്ടിഫിക്കറ്റ് നൽകിയത്. അന്താരാഷ്ട്ര നിയമമനുസരിച്ച് സാനിറ്റേഷൻ സൗജന്യമാണെങ്കിലും പോർട്ട് ഡ്യൂസ് , ചാനൽ ഫീസ് എന്നീ ഇനങ്ങളിൽ കേരള മാരിടൈം ബോർഡിന് വരുമാനം ലഭിക്കുന്നതാണ് സാനിറ്റേഷൻ സർട്ടിഫിക്കറ്റ് വിതരണ നടപടി .കോവിഡ് സമയത്ത് ക്രൂ ചെയിഞ്ചിംഗിനെത്തി

പുറം കടലിൽ നങ്കൂരമിട്ട കപ്പലുകളിൽ അണുനശീകരണത്തിന് തുറമുഖ അധികൃതർ നേതൃത്വം നൽകിയിട്ടുണ്ടെങ്കിലും ചരിത്രത്തിൽ ഇതാദ്യമായാണ് വിഴിഞ്ഞത്ത് വാർഫിലടുപ്പിച്ച് ജലയാനങ്ങളിൽ

സാനിറ്റേഷൻ നടത്തി സർട്ടിഫിക്കറ്റ് വിതരണം ചെയ്തതെന്ന് അധികൃതർ പറഞ്ഞു. കൊച്ചിൻ പോർട്ട് ഹെൽത്ത് ഓഫീസർ ശ്രാവൺ,വിഴിഞ്ഞം പോർട്ട് പർസർ ബിനുലാൽ , അസി : പോർട്ട് കൺസർവേറ്റർ അജീഷ് സത്യം ഷിപ്പിംഗ് ഏജൻസി എം .ഡി.അജിത് പ്രസാദ് തുടങ്ങിയവർ നേതൃത്വം നൽകി.



വിഴിഞ്ഞം മാതൃതുറമുഖത്ത് സാനിറ്റേഷൻ നടത്തി സർട്ടിഫിക്കറ്റ് നൽകിയ ടഗ്ഗ്

# ഇന്ന് ലോക മലേറിയാ ദിനം

## മലമ്പനി എത്രയും വേഗം കണ്ടെത്തി ചികിത്സ തേടണം: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: മലേറിയ അഥവാ മലമ്പനി എത്രയും വേഗം കണ്ടെത്തി ചികിത്സ തേടണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഗർഭിണികൾ, ശിശുക്കൾ, 5 വയസിന് താഴെയുള്ള കുട്ടികൾ, പ്രായമായവർ, മറ്റ് ഗുരുതര രോഗമുള്ളവർ എന്നിവർക്ക് മലമ്പനി ബാധിച്ചാൽ സങ്കീർണമാകാൻ സാധ്യതയുണ്ട്. മലമ്പനി ചികിത്സിച്ചില്ലെങ്കിൽ ഗർഭാവസ്ഥയിൽ ഗുരുതരമായ അനീമിയ, മാതൃമരണം, മാസം തികയാതെയുള്ള പ്രസവം, തൂക്കക്കുറവുള്ള കുഞ്ഞുങ്ങൾ ഉണ്ടാകുക എന്നിവയ്ക്ക് കാരണമാകും. മലമ്പനിയ്ക്ക് കൃത്യമായ ചികിത്സ എല്ലാ സർക്കാർ ആശുപത്രികളിലും ആരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാണ്. രോഗ ലക്ഷണങ്ങൾ കണ്ട് എത്രയും വേഗം ചികിത്സ തേടിയാൽ മലമ്പനി പൂർണമായും ഭേദമാക്കാൻ കഴിയും. സംസ്ഥാനത്ത് മലേറിയ നിർമ്മാർജനത്തിനായി ഊർജിത പരിപാടികളാണ് നടപ്പിലാക്കി വരുന്നതെന്നും മന്ത്രി വ്യക്തമാക്കി.

എല്ലാ വർഷവും ഏപ്രിൽ 25നാണ് ലോക മലമ്പനി ദിനമായി ആചരിച്ചു വരുന്നത്. മലമ്പനിയെ നിയന്ത്രിക്കാനും തുടച്ചുനീക്കാനുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനായാണ് ഈ ദിനം ആചരിക്കുന്നത്. 'കൂടുതൽ നീതിയുക്തമായ ലോകത്തിനായി മലമ്പനിക്കെതിരായ പോരാട്ടം ത്വരിതപ്പെടുത്താം' എന്നതാണ് ഈ വർഷത്തെ ലോക മലമ്പനി ദിനാചരണ സന്ദേശം.

അനോഫിലിസ് വിഭാഗത്തിൽപ്പെട്ട പെൺ കൊതുകുകളാണ് മലമ്പനി പരത്തുന്നത്. കൊതുക് കടിയേൽക്കുന്നത് വഴിയും മലമ്പനിയുള്ള രോഗിയുടെ രക്തം സ്വീകരിക്കുന്നത് വഴിയും ചുരുക്കം സന്ദർഭങ്ങളിൽ ഗർഭാവസ്ഥയിൽ അമ്മയിൽ നിന്ന് കുഞ്ഞിലേക്കും മലമ്പനി പകരുന്നു. പനിയോടൊപ്പം ശക്തമായ കുളിരും തലവേദനയും പേശിവേദനയുമാണ് മലമ്പനിയുടെ പ്രാരംഭ ലക്ഷണങ്ങൾ. വിറയലോടുകൂടി ആരംഭിച്ച് ശക്തമായ പനിയും കുളിരും ദിവസേനയോ ഒന്നിടവിട്ടുള്ള ദിവസങ്ങളിലോ മൂന്ന് ദിവസം കൂടുമ്പോഴോ ആവർത്തിക്കുക, മനംപുരട്ടൽ, ഛർദ്ദി, ചുമ, ത്വക്കിലും കണ്ണിലും മഞ്ഞ നിറം എന്നിവയും ഉണ്ടാകാറുണ്ട്. പനി, ശക്തമായ തലവേദന എന്നീ ലക്ഷണങ്ങൾ മാത്രമായും മലമ്പനി കാണാറുണ്ട്.

കൊതുക് കടിയേൽക്കാതെ സ്വയം സംരക്ഷണമൊരുക്കിയാൽ മലമ്പനിയിൽ നിന്നും രക്ഷനേടാവുന്നതാണ്. ഇടവിട്ട് മഴയുള്ളതിനാൽ മലമ്പനിയുൾപ്പെടെയുള്ള കൊതുകുജന്യ രോഗങ്ങൾക്കെതിരെ ജാഗ്രത പുലർത്തണം. കൊതുകിന്റെ ഉറവിട നശീകരണത്തിന് പ്രാധാന്യം നൽകണം. വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യം ഒഴിവാക്കണം. വീടുകളും ഓഫീസുകളും സ്ഥാപനങ്ങളും അവയുടെ പരിസരങ്ങളും പൊതു സ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കണം. കൊതുക് കടിയേൽക്കാതിരിക്കാൻ ശരീരം മൂടുന്ന വസ്ത്രം ധരിക്കുക, കൊതുകുവല, ലേപനങ്ങൾ എന്നിവ ഉപയോഗിക്കുക. പനിയുള്ളവർ കൊതുക് കടിയേൽക്കാതിരിക്കാൻ ശ്രദ്ധിക്കണം.

# മൈക്രോസ്കോപ്പിലൂടെ നോക്കണോ എന്ന് കോടതി; നിരുപാധികം മാപ്പ് പറഞ്ഞ് വീണ്ടും പതഞ്ജലിയുടെ പരസ്യം

ന്യൂഡൽഹി: തെറ്റിദ്ധരിപ്പിക്കുന്ന പരസ്യവുമായി ബന്ധപ്പെട്ട കോടതിലക്ഷ്യ ക്കേസിൽ ഖേദം പ്രകടിപ്പിച്ച് പത്രങ്ങളിൽ വീണ്ടും പരസ്യം നൽകി പതഞ്ജലി ആയുർവേദ. പതഞ്ജലി ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട് തെറ്റിദ്ധരിപ്പിച്ച പരസ്യങ്ങൾ പ്രസിദ്ധീകരിച്ചതിനു മാപ്പപേക്ഷ എന്ന പരസ്യം ഇത്തവണ കൂടുതൽ വലിപ്പത്തിലാണ് നൽകിയിരിക്കുന്നത്.

പരസ്യത്തിൽ ബാബാ രാംദേവും ആചാര്യ ബാലകൃഷ്ണനും നിരുപാധികം മാപ്പ് പറഞ്ഞിട്ടുണ്ട്. വ്യക്തിപരമായും പതഞ്ജലി ആയുർവേദയുടെ പേരിലുമാണ് മാപ്പ് അപേക്ഷ. 'നിരുപാധികം പരസ്യമായി മാപ്പ് പറയുന്നു, തെറ്റിദ്ധരിപ്പിക്കുംവിധത്തിൽ പരസ്യം നൽകിയതിൽ മാപ്പുചോദിക്കുന്നു, ഇത്തരത്തിലുള്ള തെറ്റായ പ്രവണത ഇനി ഒരിക്കലും ആവർത്തിക്കില്ല' എന്നാണ് പരസ്യത്തിൽ പറയുന്നത്.

പതഞ്ജലി ചൊവ്വാഴ്ച പ്രസിദ്ധീകരിച്ച മാപ്പപേക്ഷ മൈക്രോസ്കോപ്പ് വച്ചു നോക്കേണ്ടി വരുമോയെന്നായിരുന്നു സുപ്രീം കോടതിയുടെ ചോദ്യം. പതഞ്ജലി ഉത്പന്നങ്ങളുടെ പരസ്യങ്ങൾ നൽകുന്ന വലുപ്പത്തിലാണോ മാപ്പ് പ്രസിദ്ധീകരിച്ചതെന്നും കോടതി ചോദിച്ചു. തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്ക് ലക്ഷങ്ങൾ നൽകാമെങ്കിൽ എന്തുകൊണ്ട് മാപ്പ് പറഞ്ഞുകൊണ്ടുള്ള പരസ്യങ്ങൾക്കും അത്രയും തുക ചെലവഴിച്ചുകൂടാ എന്ന് സുപ്രീം കോടതി ആരാഞ്ഞു.

പ്രസിദ്ധീകരിച്ച മാപ്പപേക്ഷയുടെ പകർപ്പുകൾ ഹാജരാക്കാത്തതിനും കോടതി പതഞ്ജലിയുടെ അഭിഭാഷകനെ ശാസിച്ചു. അടുത്ത തവണ ഇവയെല്ലാം ഹാജരാക്കണമെന്നും നിർദേശിച്ചു. ഇതേത്തുടർന്നാണ് കൂടുതൽ വലിപ്പത്തിൽ പതഞ്ജലി പരസ്യം നൽകിയത്. ദിനപത്രങ്ങളുടെ പേജുകളിൽ നാലിലൊന്ന് വലിപ്പത്തിലാണ് നിരുപാധികം മാപ്പ് പറഞ്ഞുള്ള ഇന്നത്തെ പരസ്യം.

# അമേഠിയിൽ റോബർട്ട് വാദ്രക്കായി പോസ്റ്ററുകൾ

ലക്നോ: അമേഠിയിൽ രാഹുൽ ഗാന്ധിയുടെ സ്ഥാനാർഥിത്വം സംബന്ധിച്ച അനിശ്ചിതത്വങ്ങൾക്കിടെ പ്രിയങ്ക ഗാന്ധിയുടെ ഭർത്താവും വ്യവസായിയുമായ റോബർട്ട് വാദ്രക്കായി പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടു. ഗൗരിഗഞ്ചിലെ കോൺഗ്രസിൻറെ പ്രാദേശിക പാർട്ടി ഓഫീസിന് മുന്നിലാണ് 'ഇത്തവണ സീറ്റ് റോബർട്ട് വാദ്രക്ക് കൊടുക്കണം' എന്ന് എഴുതിയ പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടത്.മേയ് 20നാണ് അമേഠിയിൽ വോട്ടെടുപ്പ് നടക്കുന്നത്.

മേയ് മൂന്നാണ് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. സിറ്റിംഗ് എംപിയും കേന്ദ്രമന്ത്രിയുമായ സ്മൃതി ഇറാനിയാണ് ബിജെപി സ്ഥാനാർഥി. എന്നാൽ, കോൺഗ്രസ് ഇതുവരെ സ്ഥാനാർഥിയെ പ്രഖ്യാപിച്ചിട്ടില്ല.

നേരത്തേ, മണ്ഡലത്തിൽ മത്സരിക്കണമെന്ന് താത്പര്യം പ്രകടിപ്പിച്ച് വാദ്ര രംഗത്തെത്തിയിരുന്നു. ജനം തൻറെ സ്ഥാനാർഥിത്വം ആവശ്യപ്പെടുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. മത്സരിച്ചാൽ വലിയ ഭൂരിപക്ഷത്തിൽ വിജയിക്കുമെന്നും വാദ്ര അഭിപ്രായപ്പെട്ടിരുന്നു.

തൊട്ടുപിന്നാലെ, വാദ്രയെ കോൺഗ്രസ് സ്ഥാനാർഥിയാകണമെന്ന് ആവശ്യപ്പെട്ട് ചില പോസ്റ്ററുകൾ സോഷ്യൽ മീഡിയയിൽ പ്രചരിച്ചിരുന്നു.ഒരുകാലത്ത് ഗാന്ധി കുടുംബത്തിൻറെ സുരക്ഷിത മണ്ഡലമായിരുന്ന അമേഠി. സഞ്ജയ് ഗാന്ധി, രാജീവ് ഗാന്ധി, സോണിയ ഗാന്ധി, രാഹുൽ ഗാന്ധി എന്നിവരടക്കം ഈ മണ്ഡലത്തെ പ്രതിനിധീകരിച്ച് ലോക്സഭയിൽ എത്തിയിട്ടുണ്ട്.

എന്നാൽ 2019ലെ തെരഞ്ഞെടുപ്പിൽ രാഹുൽ ഗാന്ധിയെ സ്മൃതി ഇറാനി തോൽപിച്ചതോടെയാണ് മണ്ഡലം കോൺഗ്രസ് കൈവിട്ടത്.

## 'മഞ്ഞപ്പാര'യുടെ വിത്തുൽപ്പാദനം വിജയം

കൊച്ചി: സമുദ്രമത്സ്യകൃഷിയിൽ വൻ മുന്നേറ്റത്തിന് വഴിതുറന്ന് മഞ്ഞപ്പാരയുടെ (ഗോൾഡൻ ട്രെവാലി) കൃത്രിമ വിത്തുൽപ്പാദനം വിജയകരം. കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ഗവേഷകരാണ് അഞ്ചുവർഷത്തെ പരീക്ഷണത്തിനൊടുവിൽ ഈ മീനിൻറെ വിത്തുൽപ്പാദന സാങ്കേതികവിദ്യ വികസിപ്പിച്ചത്. ഭക്ഷ്യവസ്തുവായും അലങ്കാരമത്സ്യമായും ഉപയോഗിക്കുന്ന ഉയർന്ന വിപണി മൂല്യമുള്ള മത്സ്യമാണ് മഞ്ഞപ്പാര.

കൃഷിയിലൂടെ സമുദ്രമത്സ്യോൽപാദനം കൂട്ടാൻ സഹായിക്കുന്നതാണ് ഈ നേട്ടം. മികച്ച വളർച്ചാനിരക്കും ആകർഷകമായ രുചിയുമാണ് ഈ മത്സ്യത്തിന്. അതിനാൽ തന്നെ കടൽകൃഷിയിൽ വലിയ നേട്ടം കൊയ്യാനാകും.

സിഎംഎഫ്ആർഐയുടെ വിശാഖപട്ടണം റീജണൽ സെൻററിലെ സീനിയർ സയൻറിസ്റ്റ് ഡോ. റിതേഷ് രഞ്ജൻറെ നേതൃത്വത്തിലുള്ള ഗവേഷക സംഘമാണ് നേട്ടത്തിന് പിന്നിൽ.

## തെരഞ്ഞെടുപ്പ് പ്രചാരണ റാലിക്കിടെ നിതിൻ ഗഡ്കരി കുഴഞ്ഞുവീണു

മുംബൈ: മഹാരാഷ്ട്രയിൽ തെരഞ്ഞെടുപ്പ് റാലിക്കിടെ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി കുഴഞ്ഞുവീണു. യവത്മാളിലെ എൻഡിഎ സ്ഥാനാർഥി രാജശ്രീ പാട്ടീലിനു വേണ്ടി പ്രചാരണം നടത്തുന്നതിനിടയിലാണ് ഗഡ്കരി കുഴഞ്ഞുവീണത്.

മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ വിഭാഗം നയിക്കുന്ന ശിവസേന അംഗമാണു രാജശ്രീ. തെരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുത്ത് ജനങ്ങളെ അഭിസംബോധന ചെയ്തു സംസാരിക്കുന്നതിനിടെയാണ് ഗഡ്കരി കുഴഞ്ഞുവീണത്.

സ്റ്റേജിലുണ്ടായ പ്രവർത്തകർ അദ്ദേഹത്തെ താങ്ങിയെടുക്കുകയും അടിയന്തര ചികിത്സ ലഭ്യമാക്കുകയും ചെയ്തു.

# ഉത്തരേന്ത്യയിൽ ബിജെപിക്ക് സീറ്റ് കുറയും: അൽക്ക ലാംബ

മുക്കം: ഉത്തരേന്ത്യയിൽ ബിജെപിക്ക് വൻതോതിൽ സീറ്റുകൾ കുറയുമെന്നും അതുകൊണ്ടാണ് നരേന്ദ്രമോദി ഇത്തവണ ദക്ഷിണേന്ത്യയിൽ കൂടുതൽ തെരഞ്ഞെടുപ്പ് പ്രചാരണം നടത്തുന്നതെന്നും മഹിളാ കോൺഗ്രസ് അഖിലേന്ത്യ പ്രസിഡൻറ് അൽക്ക ലാംബ പറഞ്ഞു.

വയനാട് ലോക്സഭാ മണ്ഡലം യുഡിഎഫ് സ്ഥാനാർഥി രാഹുൽ ഗാന്ധിയുടെ തെരഞ്ഞെടുപ്പ് പ്രചാരണാർഥം കൊടിയത്തൂർ പഞ്ചായത്തിലെ പുതിയനിടത്ത് സംഘടിപ്പിച്ച കുടുംബ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ.

പത്തുവർഷത്തെ ബിജെപി ദുർഭരണത്തിന് ഇത്തവണ അന്ത്യമാകുമെന്നും അൽക്ക ലാംബ പറഞ്ഞു. രാജ്യം ഭരിക്കുന്നത് ഫാസിസ്റ്റ് സർക്കാരാണ്. ജനാധിപത്യത്തിനും ഭരണഘടനാ അവകാശങ്ങൾക്കും വേണ്ടി പാർലമെൻറിൽ ശബ്ദമുയർത്തിയ രാഹുൽ ഗാന്ധിയെ അയോഗ്യനാക്കിയത് അതിൻറെ ഏറ്റവും വലിയ തെളിവാണ്. ബിജെപി മുന്നോട്ടുവയ്ക്കുന്ന ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പെന്ന നയം ഒരിക്കലും നടക്കാൻ പോകുന്നില്ല.

മണിപ്പൂരിൽ കലാപം നടന്നിട്ട് അങ്ങോട്ട് തിരിഞ്ഞുനോക്കാൻ പോലും പ്രധാനമന്ത്രി തയാറായില്ലെന്നും അവർ പറഞ്ഞു. സണ്ണി പ്ലാത്തോട്ടം അധ്യക്ഷനായി. മഹിള കോൺഗ്രസ് സംസ്ഥാന പ്രസിഡൻറ് ജെബി മേത്തർ എംപി, തമിഴ്നാട് സ്റ്റേറ്റ് പ്രസിഡൻറ് ഹസീന സയ്ദ്, മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറി സി. പി. ചെറിയ മുഹമ്മദ്,

ഡിസിസി ജനറൽ സെക്രട്ടറി സി. ജെ. ആൻറണി, കോൺഗ്രസ് മണ്ഡലം പ്രസിഡൻറ് സുജ ടോം, കൊടിയത്തൂർ പഞ്ചായത്ത് പ്രസിഡൻറ് ദിവ്യ ഷിബു, യൂത്ത് ലീഗ് മണ്ഡലം ട്രഷറർ നിസാം കാരശേരി, പ്രണോയ് മുത്തോട്ടിൽ, അബ്ദു തോട്ടുമുക്കം, മുനീർ എന്നിവർ പ്രസംഗിച്ചു.

# ബിഹാർ റോബിൻഹുഡ്" എത്തിയ കാർ മുംബൈ സ്വദേശിയിൽനിന്നു വാങ്ങിയത്

കൊച്ചി: സംവിധായകൻ ജോഷിയുടെ വീട്ടിൽ കവർച്ച നടത്തിയ 'ബിഹാർ റോബിൻഹുഡ്' എന്ന മുഹമ്മദ് ഇർഫാന് (35) മോഷണം നടത്തുന്നതിനായി എത്തിയ മഹാരാഷ്ട്ര രജിസ്ട്രേഷനിലുള്ള ഹോണ്ട അക്കോർഡ് കാർ മഹാരാഷ്ട്ര സ്വദേശിയിൽ നിന്ന് വാങ്ങിയത്. ചോദ്യം ചെയ്യലിനിടെയാണ് മുഹമ്മദ് ഇർഫാൻ ഇക്കാര്യം അന്വേഷണ സംഘത്തോട് വെളിപ്പെടുത്തിയത്.

മുഹമ്മദ് ഇർഫാൻറെ സഹോദരി ഭർത്താവിനൊപ്പമാണ് മുംബൈ സ്വദേശി ജോലി ചെയ്തിരുന്നത്. ഈ പരിചയത്തിൻറെ പേരിൽ രണ്ടു ലക്ഷം രൂപ കൊടുത്താണ് കാർ സ്വന്തമാക്കിയതെന്നാണ് പ്രതി പറയുന്നത്. എന്നാൽ ആർസി ബുക്കിൽ നിന്ന് വാഹന ഉടമയുടെ പേര് ഇതുവരെ മാറ്റിയിരുന്നില്ല.

മുഹമ്മദ് ഇർഫാൻറെ ഭാര്യ ഗുൽഷൻ പർവീൺ ഇന്ന് കൊച്ചിയിലെത്തുമെന്ന് കേസ് അന്വേഷിക്കുന്ന എറണാകുളം സൗത്ത് പോലീസിനെ അറിയിച്ചിട്ടുണ്ട്. മുംബൈയിൽ നിന്നാണ് ഗുൽഷൻ എത്തുന്നത്. ബിഹാർ സീതാമർഹിയിലെ ജില്ലാ പരിഷത്ത് പ്രസിഡൻറാണ് ഗുൽഷൻ. ജില്ലാപരിഷത്ത് പ്രസിഡൻറെന്ന് ബോർഡ് വച്ച കാറിലായിരുന്നു പ്രതി മോഷണത്തിനായി എത്തിയത്.

മുഹമ്മദ് ഇർഫാൻ അറസ്റ്റിലായ വിവരം പോലീസ് ഇവരെ അറിയിച്ചിരുന്നു. അതേസമയം അഭിഭാഷകനായ ആളൂരിൻറെ ഓഫീസിൽ നിന്നെന്നു പറഞ്ഞ് രണ്ടു പേർ മുഹമ്മദ് ഇർഫാനു വേണ്ടി സൗത്ത് പോലീസ് സ്റ്റേഷനിൽ രാവിലെ എത്തിയിരുന്നു. ഭർത്താവിനെ പുറത്തിറക്കാൻ ഗുൽഷൻ വക്കീലിനെ ഏർപ്പാടാക്കുമെന്ന പ്രതീക്ഷയിലാണ് പോലീസ് സംഘം.

അടുത്തിടെ നടന്ന കല്യാണാവശ്യത്തിനായി എടുത്ത സ്വർണമാണ് സംവിധായകൻ ജോഷിയുടെ വീട്ടിൽ നിന്ന് മോഷണം പോയതെന്ന് അന്വേഷണ ഉദ്യോഗസ്ഥർ പറഞ്ഞു. 25 ലക്ഷം രൂപയുടെ വജ്ര നെക്ലേസ്, 8 ലക്ഷം രൂപ വിലയുള്ള 10 വജ്രക്കമ്മലുകൾ, 10 മോതിരങ്ങൾ, 10 സ്വർണമാലകൾ, 10 വളകൾ, വില കൂടിയ 10 വാച്ചുകൾ തുടങ്ങി 74 സാധനങ്ങളാണ് ജോഷിയുടെ വീട്ടിൽനിന്ന് കവർന്നത്. പ്രതിയുടെ കാറിൽ നിന്ന് വീണ്ടെടുത്ത 1.20 കോടി മൂല്യമുള്ള ആഭരണങ്ങൾ കോടതിയിൽ ഹാജരാക്കി. ഇന്നോ നാളെയോ അപ്രൈസറുടെ പരിശോധന പൂർത്തിയാക്കി കോടതി ഇവ സ്വീകരിച്ച് തൊണ്ടി നമ്പർ നൽകും. ക്ലെയിം അപ്പീൽ സമർപ്പിച്ചാൽ ഒരാഴ്ചയ്ക്കകം ആഭരണങ്ങൾ ജോഷിക്ക് തിരികെ ലഭിക്കും.

## അരവിന്ദ് കേജരിവാളിൻറെ അറസ്റ്റ് അനിവാര്യമെന്ന് ഇഡി

ന്യൂഡൽഹി: ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാളിൻറെ അറസ്റ്റ് അനിവാര്യമെന്ന് ഇഡി. എത്ര ഉന്നതനായ പ്രതിയായാലും തെളിവുണ്ടെങ്കിൽ അറസ്റ്റ് ചെയ്യാമെന്ന് ഇഡി സുപ്രീംകോടതിയിൽ മറുപടി നൽകി.

അറസ്റ്റ് ഒരു തരത്തിലും തെരഞ്ഞെടുപ്പിനെ ബാധിക്കില്ല. തെളിവായ 170 മൊബൈൽ ഫോണുകൾ നശിപ്പിക്കപ്പെട്ടെന്നും ഇഡി കോടതിയെ അറിയിച്ചു.

പ്രതി എത്ര ഉന്നതനായാലും തെളിവുകളുടെ അടിസ്ഥാനത്തിൽ അറസ്റ്റ് നടത്താം. ചോദ്യം ചെയ്യലിനായി നൽകിയ ഒൻപത് സമൻസുകൾ കേജരിവാൾ അവഗണിച്ചു. അറസ്റ്റിനെതിരായ കേജരിവാളിൻറെ ഹർജി തള്ളണമെന്നും ഇഡി ആവശ്യപ്പെട്ടു.

## കള്ളവോട്ട് ചെയ്താൽ കർശന നടപടി: സഞ്ജയ് കൗൾ

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിൻറെ രണ്ടാംഘട്ട വോട്ടെടുപ്പ് 26ന് നടക്കാനിരിക്കെ കള്ളവോട്ടിനെതിരേ മുന്നറിയിപ്പുമായി മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ. കള്ളവോട്ടിന് ശ്രമിച്ചാൽ കർശന നടപടിയുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. നിശബ്ദ പ്രചാരണ വേളയിൽ സാമൂഹ്യ മാധ്യമങ്ങളിൽ കർശന നിരീക്ഷണം നടത്തുമെന്നും സഞ്ജയ് കൗൾ വ്യക്തമാക്കി. വീട്ടിലെ വോട്ടിംഗിനിടെയുണ്ടായ കള്ളവോട്ട് പരാതികളിൽ ഉടനടി നടപടി എടുത്തത് കള്ളവോട്ടിനെതിരേയുള്ള മുന്നറിയിപ്പായി കാണണം. തെരഞ്ഞെടുപ്പിന് കേരളം സുസജ്ജമെന്നും സുതാര്യമായ തെരഞ്ഞെടുപ്പ് ഉറപ്പാക്കുമെന്നും സഞ്ജയ് പറഞ്ഞു. ചട്ടലംഘന പരാതികളിൽ വേഗം തീർപ്പുണ്ടാക്കും. മോക്ക് പോളിംഗിൽ ഉയർന്ന പരാതിയിൽ അടിസ്ഥാനമില്ലെന്നും അദ്ദേഹം പറഞ്ഞു.

## കേരളം ലോക്സഭയിൽ; തെരഞ്ഞെടുപ്പ് ചരിത്ര പുസ്തകം പ്രകാശനം ചെയ്തു

കൽപ്പറ്റ: ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച 'കേരളം ലോക്സഭയിൽ തെരഞ്ഞെടുപ്പ് ചരിത്രം 1952 2019' പുസ്തകം പ്രകാശനം ചെയ്തു. ജില്ലാ കളക്ടർ ഡോ. രേണുരാജ്, തെരഞ്ഞെടുപ്പ് പൊതു നിരീക്ഷകൻ നികുഞ്ച് കുമാർ ശ്രീവാസ്തവ, ചെലവ് നിരീക്ഷകൻ കൈലാസ് പി. ഗെയ്ക് വാദ് എന്നിവർ ചേർന്നാണ് പുസ്തകം പ്രകാശനം ചെയ്തത്. 1952 മുതൽ 2019 വരെയുള്ള ലോക്സഭ തെരഞ്ഞെടുപ്പ് ചരിത്രമാണ് പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തെരഞ്ഞെടുപ്പ് അടിസ്ഥാന വിവരങ്ങൾ, മാതൃകാ പെരുമാറ്റചട്ടം, ഹരിതചട്ടം മാർഗരേഖ, ദേശീയപാർട്ടികൾ, സംസ്ഥാനങ്ങളിലെ സീറ്റുകൾ, ഇന്ത്യൻ പ്രധാനമന്ത്രിമാർ, ലോക്സഭയിലെ കേരളം, തെരഞ്ഞെടുപ്പിലെ മുഖ്യമന്ത്രിമാർ, ദേശീയ പാർട്ടികളുടെ പ്രകടനം, 2024 ലോക്സഭ തെരഞ്ഞെടുപ്പിലെ സ്ഥാനാർഥികൾ, എന്നിവയാണ് പുസ്തകത്തിൻറെ ഉള്ളടക്കം. കളക്ടറേറ്റിൽ നടന്ന പരിപാടിയിൽ എഡിഎം കെ. ദേവകി, മാനന്തവാടി സബ് കളക്ടർ മിസാൽ സാഗർ ഭരത്, മലപ്പുറം അസിസ്റ്റൻറ് കളക്ടർ സുമിത് കുമാർ ഠാക്കൂർ, അസിസ്റ്റൻറ് റിട്ടേണിംഗ് ഓഫീസർമാർ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## കലാഭവൻ തിയറ്ററിൽ പ്രദർശനം ഉണ്ടാവില്ല

വഴുതക്കാട് സി.വി. രാമൻപിള്ള റോഡിൽ സ്മാർട്ട് സിറ്റി പദ്ധതിയിലെ റോഡ് പണി നടക്കുന്നതിനെ തുടർന്ന് ഗതാഗം നിരോധിച്ച സാഹചര്യത്തിൽ ഏപ്രിൽ 24 മുതൽ 30 വരെ വഴുതക്കാട് കലാഭവൻ തിയറ്ററിൽ പ്രദർശനം ഉണ്ടായിരിക്കില്ലെന്ന് മാനേജർ അറിയിച്ചു.

# ഒറ്റുകൊടുക്കാൻ മടിയില്ലാത്ത എത്ര സ്ഥാനാർഥികളുണ്ട് കോൺഗ്രസിലെന്ന് പിണറായി

തിരുവനന്തപുരം: കോൺഗ്രസിനെ കടന്നാക്രമിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. ഉറച്ചു നിൽക്കുന്ന ജനപ്രതിനിധികളാണ് ലോക്സഭയിൽ എത്തേണ്ടതെന്ന് പിണറായി വിജയൻ പറഞ്ഞു. അതുകൊണ്ട് തന്നെ മതനിരപേക്ഷ ചേരിയെ ശക്തിപ്പെടുത്താൻ ഇടതുപക്ഷത്തിനു കരുത്തുപകരേണ്ടത് കാലഘട്ടത്തിൻറെ ആവശ്യമാണെന്നും അതിനുള്ള ജനവിധിയാണ് കേരളം ഏപ്രിൽ 26ന് രേഖപ്പെടുത്തുകയെന്നും പിണറായി വിജയൻ പ്രസ്താവനയിൽ പറഞ്ഞു.

തെരഞ്ഞെടുപ്പിൽ ജയിക്കുന്നവരെ കുതിരക്കച്ചവടം നടത്തി സ്വന്തമാക്കുക എന്നതിന് പകരം വോട്ടെടുപ്പ് നടക്കുംമുമ്പ് സ്ഥാനാർഥികളെ തന്നെ വിലക്കെടുത്ത് ജനങ്ങളുടെ ജനാധിപത്യാവകാശം റദ്ദുചെയ്യുക എന്നതിലേക്ക് ബിജെപി മാറിയിരിക്കുന്നു. വില്പനച്ചരക്കാകുന്നതിൽ കോൺഗ്രസിൻറെ സ്ഥാനാർഥികളും അവരെ നാമനിർദേശം ചെയ്യുന്നവരും അണിനിരക്കുന്നു എന്നത് ഗുരുതരമായ അവസ്ഥയാണ്. അരുണാചൽ നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപിക്ക് പത്തു സീറ്റുകളിൽ വാക്കോവർ നൽകിയത് കോൺഗ്രസാണ്. ആ പരിപാടി ലോകസഭ തെരഞ്ഞെടുപ്പിലേക്കും വ്യാപിപ്പിച്ചതാണ് ഗുജറാത്തിലെ സൂറത്തിൽ കണ്ടത്.

സൂറത്തിലെ കോൺഗ്രസ് സ്ഥാനാർഥിയുടെ പേര് നിർദേശിച്ചവർ നാമനിർദ്ദേശ പത്രികയിലെ ഒപ്പ് തങ്ങളുടേതല്ലെന്ന് സത്യവാങ്മൂലം നൽകിയതിനെ തുടർന്ന് പത്രിക തള്ളിപ്പോയി എന്നാണ് ആദ്യം വാർത്തവന്നത്.

ബിജെപി മുന്നോട്ടുവെക്കുന്ന വെറുപ്പിൻറെ രാഷ്ട്രീയത്തെ തോൽപ്പിക്കാൻ കോൺഗ്രസിന് എത്രമാത്രം ആത്മാർഥതയുണ്ട് എന്ന തെളിയുന്ന അനുഭവമാണിത്. ഉറച്ചു നിൽക്കുന്ന ജനപ്രതിനിധികളാണ് ലോക്സഭയിൽ എത്തേണ്ടത്. അത് കൊണ്ട് തന്നെ മതനിരപേക്ഷ ചേരിയെ ശക്തിപ്പെടുത്താൻ ഇടതുപക്ഷത്തിനു കരുത്തുപകരേണ്ടത് കാലഘട്ടത്തിൻറെ ആവശ്യമാണ്. അതിനുള്ള ജനവിധിയാണ് കേരളം ഏപ്രിൽ 26ന് രേഖപ്പെടുത്തുകയെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

## ഉയർന്ന തിരമാല ജാഗ്രത നിർദേശം

കേരള തീരത്ത് ഇന്ന് (ഏപ്രിൽ 23) രാത്രി 11.30 വരെ 0.5 മുതൽ 1.5 മീറ്റർ വരെ ഉയർന്ന തിരമാലയും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും ഇതിന്റെ വേഗത സെക്കൻഡിൽ 10 സെ.മീറ്ററിനും 55 സെ.മീറ്ററിനും ഇടയിൽ മാറിവരുവാൻ സാധ്യതയുണ്ടെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം (INCOIS) അറിയിച്ചു.

# ഇടതുസർക്കാർ എട്ട് വർഷം കൊണ്ട് വികസനമുന്നേറ്റമുണ്ടാക്കി: മുകേഷ്

കൊല്ലം: ഇരുപത്തഞ്ച് മുപ്പത് വർഷം കൊണ്ട് ഉണ്ടാകേണ്ട വികസനം ഇടതുപക്ഷ സർക്കാർ കേരളത്തിൽ എട്ട് വർഷം കൊണ്ട് കൊണ്ടു വന്നുവെന്ന് കൊല്ലം പാർലമെൻറ് മണ്ഡലം എൽഡിഎഫ് സ്ഥാനാർഥി എം. മുകേഷ്. ചാത്തന്നൂർ, പാരിപ്പള്ളി മേഖലകളിലെ വിവിധ ഭാഗങ്ങളിൽ പര്യടനം നടത്തുകയായിരുന്നു അദ്ദേഹം.

എട്ടു കൊല്ലം മുൻപ് പിണറായി വിജയൻറെ നേതൃത്വത്തിലുള്ള സർക്കാർ ആദ്യം എടുത്ത പ്രധാന തീരുമാനങ്ങൾ വിദ്യാഭ്യാസം ഉൾപ്പടെയുള്ള മേഖലകളിലാണ്.

ഏറ്റവും വലിയ ഗംഭീരമായ സ്കൂളുകളും അതനുസരിച്ചുള്ള കോളജുകളും അതിനനുസരിച്ചുള്ള മെഡിക്കൽ കോളജുകളും എല്ലാം സജ്ജമാക്കുമെന്ന് വാഗ്ദാനം നൽകി. ഇതു കേട്ട് എല്ലാവരും പരിഹസിച്ചു.

യുഡിഎഫിൻറെ വലിയ നേതാക്കന്മാർ ഇതൊക്കെ എവിടെ നടക്കാനാണ്, മലർപ്പൊടിക്കാരൻറെ ദിവാസ്വപ്നം എന്നൊക്കെയാണ് ഇതേക്കുറിച്ച് പറഞ്ഞത്. അപ്പോഴും മുഖ്യമന്ത്രി പറഞ്ഞു കാണിച്ചു തരാം.

ഇന്ന് നമ്മളുടെ സംസ്ഥാനം എല്ലാത്തിനും നമ്പർ വൺ ആയി. 25 30 കൊല്ലം കഴിഞ്ഞ് കേരളമെങ്ങനെ ഇരിക്കുമോ അത് എട്ട് വർഷം കൊണ്ട് സാധിച്ചു എന്ന് പറഞ്ഞു കഴിഞ്ഞാൽ പിന്നെ പാർട്ടി നോക്കേണ്ട ആവശ്യമില്ല, ആര് ഭരിക്കുന്നു, ഏത് കൊടി എന്ന് നോക്കുന്നതിൻറെ ആവശ്യമില്ല, ജനതയുടെ കൈപിടിച്ചുയർത്തിയത് ആരാണോ അതാണ് നിങ്ങൾ ചിന്തിക്കേണ്ടത്.

കൊല്ലം മണ്ഡലത്തിൻറെ എംഎൽഎ ആയിട്ട് നിൽക്കാൻ എട്ടുകൊല്ലം മുൻപ് ഒരു സാഹചര്യം വന്നപ്പോൾ പലരും എന്നോട് പറഞ്ഞു, സജീവമായി സിനിമയിൽ നിൽക്കുന്ന ഒരാൾ സജീവ രാഷ്ട്രീയത്തിലേക്ക് വരേണ്ട കാര്യം എന്താണ്. അപ്പോൾ ഞാൻ പറഞ്ഞു കൊല്ലത്തിനുവേണ്ടി എന്നിലൂടെ എന്തെങ്കിലും ഒരു മെച്ചം വരികയാണെങ്കിൽ അത് ഒരു കാരണവശാലും ഞാൻ ഇല്ലാതാക്കില്ല.

ഒരു ജനതയ്ക്ക് വേണ്ടി എന്തെങ്കിലും ചെയ്യാൻ സാധിച്ചാൽ അത് ഈ ജന്മ പുണ്യമായിട്ട് കണക്കാക്കുന്ന ഒരാളായതു കൊണ്ട് ഞാൻ അത് സ്വീകരിക്കുന്നു. എന്തുകൊണ്ടാണ് വോട്ട് ചെയ്യേണ്ടത്, ആർക്കാണ് വോട്ട് ചെയ്യേണ്ടത് എന്നത് രണ്ട് വലിയ തീരുമാനങ്ങളാണെന്നും അദ്ദേഹം പറഞ്ഞു.



കളക്ടറേറ്റിൽ ആരംഭിച്ച വെബ് കാസ്റ്റിംഗ് കൺട്രോൾ റൂം

# കന്നിവോട്ടർമാരുടെ ശ്രദ്ധയ്ക്ക്; വോട്ട് ചെയ്യേണ്ടത് ഇങ്ങനെ

ലോക്സഭ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ 20 മണ്ഡലങ്ങളിലേക്കുള്ള വോട്ടെടുപ്പ് വെള്ളിയാഴ്ച രാവിലെ ഏഴ് മണിക്ക് ആരംഭിക്കുമ്പോൾ അഞ്ച് ലക്ഷത്തിലധികം കന്നി വോട്ടർമാരാണ് ഇക്കുറി പോളിങ് ബൂത്തിലെത്തുന്നത്. ആദ്യമായി വോട്ട് ചെയ്യുന്നവർക്ക് വോട്ടിങ് പ്രക്രിയയെക്കുറിച്ച് ആശയക്കുഴപ്പം ഉണ്ടാകാതിരിക്കാൻ എങ്ങനെയാണ് വോട്ട് ചെയ്യുന്നതെന്ന് അറിഞ്ഞിരിക്കുന്നത് നല്ലതാണ്. വോട്ടവകാശമുള്ള എല്ലാ യുവജനങ്ങളും സമ്മതിദാനം വിനിയോഗിച്ച് രാഷ്ട്ര നിർമ്മാണത്തിൽ പങ്കാളികളാവണമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ പറഞ്ഞു.

വോട്ടെടുപ്പ് പ്രക്രിയ

1. സമ്മതിദായകൻ പോളിങ് ബൂത്തിലെത്തി ക്യൂവിൽ നിൽക്കുന്നു

2. വോട്ടറുടെ ഊഴമെത്തുമ്പോൾ പോളിങ് ഓഫീസർ വോട്ടർ പട്ടികയിലെ പേരും വോട്ടർ കാണിക്കുന്ന തിരിച്ചറിയൽ രേഖയും പരിശോധിക്കുന്നു

3. ഫസ്റ്റ് പോളിങ് ഓഫീസർ താങ്കളുടെ ഇടതുകൈയിലെ ചൂണ്ടുവിരലിൽ മഷി പുരട്ടുകയും സ്ലിപ് നൽകുകയും ഒപ്പിടുവിക്കുകയും ചെയ്യുന്നു.

4 പോളിങ് ഓഫീസർ സ്ലിപ് സ്വീകരിക്കുകയും വോട്ടറുടെ വിരലിലെ മഷി അടയാളം പരിശോധിക്കുകയും ചെയ്യുന്നു.

5. വോട്ടർ വോട്ടിങ് നടത്തുന്നതിനുള്ള കമ്പാർട്ടുമെന്റിൽ എത്തുന്നു. അപ്പോൾ മൂന്നാം പോളിങ് ഓഫീസർ ബാലറ്റ് യൂണിറ്റ് വോട്ടിങ്ങിന് സജ്ജമാക്കുന്നു. അപ്പോൾ ബാലറ്റ് യൂണിറ്റിലെ റെഡി ലൈറ്റ് പ്രകാശിക്കുന്നു. ശേഷം വോട്ടർ താൽപര്യമുള്ള സ്ഥാനാർഥിക്ക് നേരെയുള്ള ഇവിഎമ്മിലെ നീല ബട്ടൺ അമർത്തുന്നു. അപ്പോൾ സ്ഥാനാർഥിയുടെ പേരിന് നേരെയുള്ള ചുവന്ന ലൈറ്റ് പ്രകാശിക്കുന്നു. ഉടൻ തന്നെ തിരഞ്ഞെടുത്ത സ്ഥാനാർഥിയുടെ ക്രമനമ്പർ, പേര്, ചിഹ്നം എന്നിവ അടങ്ങിയ ബാലറ്റ് സ്ലിപ്പ് വിവിപാറ്റ് യന്ത്രം പ്രിന്റ് ചെയ്യുകയും ഏഴ് സെക്കൻഡ് പ്രദർശിപ്പിക്കുകയും ചെയ്യുന്നു. കൺട്രോൾ യൂണിറ്റിൽ നിന്നുള്ള ബീപ് ശബ്ദം വോട്ട് രേഖപ്പെടുത്തി എന്ന് ഉറപ്പുവരുത്തുന്നു.

വിവിപാറ്റിൽ ബാലറ്റ് സ്ലിപ് കാണാതിരിക്കുകയോ ബീപ് ശബ്ദം കേൾക്കാതിരിക്കുകയോ ചെയ്താൽ പ്രിസൈഡിങ് ഓഫീസറെ ബന്ധപ്പെടുക. വോട്ട് ചെയ്ത ശേഷം പ്രിന്റ് ചെയ്ത സ്ലിപ് തുടർന്ന് വിവിപാറ്റ് യന്ത്രത്തിൽ സുരക്ഷിതമായിരിക്കും.

# മംഗളൂരുകോട്ടയം സ്പെഷൽ എക്സ്പ്രസ്: ആളില്ലാതെ പ്രഥമ സർവീസ്

കടുത്തുരുത്തി: കോട്ടയംമംഗളൂരു റൂട്ടിൽ ആഴ്ചാവസാനം അനുഭവപ്പെടുന്ന തിരക്ക് കുറയ്ക്കാൻ അനുവദിച്ച മംഗളൂരു കോട്ടയം സ്പെഷൽ എക്സ്പ്രസിന് ആവശ്യത്തിന് ആളില്ലാതെ പ്രഥമ സർവീസ്.

ശനിയാഴ്ച രാവിലെ തുടങ്ങുന്ന സർവീസിന് വെള്ളിയാഴ്ച വൈകുന്നേരം ഉത്തരവെത്തിയെങ്കിലും മാധ്യമങ്ങളിലൂടെ യഥാസമയം യാത്രികരെ അറിയിക്കാൻ സാധിക്കാത്തതിനാലും പ്രധാന സ്റ്റേഷനുകളിൽ സ്റ്റോപ്പുകളില്ലാത്തതിനാലും ആളൊഴിഞ്ഞ ബോഗികളുമായിട്ടാണ് ശനിയാഴ്ച ഇരുഭാഗത്തേക്കും ട്രെയിൻ സർവീസ് നടത്തിയത്.

അപൂർവമായാണ് കേരളത്തിൽ ഒരു ട്രെയിന് കറൻറ് റിസർവേഷൻ ആയിരത്തിനുമുകളിൽ സീറ്റുകൾ ലഭ്യമായത്. ഏഴ് സർവീസുകളാണ് ആകെ പ്രഖ്യാപിച്ചിരിക്കുന്നത്. ആവശ്യത്തിന് സ്റ്റോപ്പില്ലാതെ പ്രഖ്യാപിച്ച സർവീസ് നഷ്ടമെന്ന് വരുത്തിത്തീർത്ത് നിർത്താനാണ് ശ്രമമെന്ന് യാത്രക്കാർ ആരോപിക്കുന്നു. ഇപ്പോൾത്തന്നെ ആവശ്യത്തിന് ട്രെയിനുകളില്ലാതെ മലബാറിലേക്കുള്ള യാത്രികർ വിഷമിക്കുമ്പോഴാണ് റെയിൽവേയുടെ ഈ നീക്കം. മംഗളൂരു സെൻട്രൽ കോട്ടയം സ്പെഷൽ എക്സ്പ്രസ് മംഗളുരുവിൽനിന്ന് രാവിലെ 10. 30ന് തുടങ്ങും. രാത്രി 7.30ന് കോട്ടയത്തെത്തും. മടക്കട്രെയിൻ രാത്രി 9.45ന് കോട്ടയത്തുനിന്നു യാത്ര തിരിക്കും. ഞായറാഴ്ച രാവിലെ 6.55ന് മംഗലാപുരത്തെത്തും. 27,മേയ് നാല്, 11,18,25 ജൂൺ ഒന്ന് എന്നീ ദിവസങ്ങളിലാണ് ഇനി സർവീസ്. മംഗലാപുരം മുതൽ കോട്ടയം വരെ 471 കിലോമീറ്റർ മാത്രം സർവീസ് നടത്തുന്ന എക്സ്പ്രസ് ട്രെയിന് മംഗലാപുരത്തിനും കോട്ടയത്തിനുമിടയിൽ ആകെ ആറ് സ്റ്റോപ്പുകൾ മാത്രമാണ് അനുവദിച്ചിരിക്കുന്നത്.

ഏറ്റവും കൂടുതൽ കുടിയേറ്റ കർഷകരുള്ള മീനച്ചിൽ, വൈക്കം താലൂക്കുകളിലെ ജനങ്ങൾ ആശ്രയിക്കുന്ന വൈക്കം റോഡ്, ഇടുക്കി ജില്ലയിലെ യാത്രക്കാർ ആശ്രയിക്കുന്ന ആലുവ, തിരൂർ, തലശേരി, പയ്യന്നൂർ, നീലേശ്വരം, കാഞ്ഞങ്ങാട് തുടങ്ങിയ സ്റ്റേഷനുകളിൽ കൂടി സ്റ്റോപ്പ് അനുവദിച്ചാൽ നിലവിലെ ദുരവസ്ഥ ഒഴിവാകുമെന്ന് യാത്രക്കാർ ചൂണ്ടിക്കാണിക്കുന്നു.

# പൗരോഹിത്യ സുവർണജൂബിലി ആഘോഷിച്ചു

മുഹമ്മ: അജപാലനത്തിലൂടെ ജനഹൃദയങ്ങൾ കീഴടക്കിയ ഇടയനാണ് ഫാ. ആൻറണി കൊച്ചുവീട്ടിലെന്ന് തിരുവനന്തപുരം പ്രോവിൻഷ്യാൾ ഫാ. ആൻറണി ഇളന്തോട്ടം സിഎംഐ. തന്നെ തേടിയെത്തുന്നവരേയും പരിചയപ്പെടുന്നവരേയും ദൈവത്തോട് അടുപ്പിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുന്നു. ഫാ ആൻറണി കൊച്ചുവീട്ടിൽ സിഎംഐയുടെ പൗരോഹിത്യ സുവർണജൂബിലി സമ്മേളനത്തിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

പാവങ്ങളുടെ പ്രശ്നങ്ങൾ നെഞ്ചിലേറ്റുന്ന ഇടയനാണ് ഫാ. ആൻറണി കൊച്ചുവീട്ടിലെന്ന് ജോബ് മൈക്കിൾ എംഎൽഎ പറഞ്ഞു. നാടിനുവേണ്ടിയും അശരണർക്കുവേണ്ടിയും കർമനിരതനായ അദ്ദേഹം സമൂഹത്തിന് മാതൃകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ദൈവസ്നേഹം അനേകരിലേക്ക് പ്രസരിപ്പിക്കുവൻ പ്രത്യേക വിളി സ്വീകരിച്ച വ്യക്തിയാണ് ആൻറണി അച്ചനെന്നു എസ്എംഐ സഭയുടെ ജനറൽ സിസ്റ്റർ ഈസബെൽ ഫ്രാൻസിസ് പറഞ്ഞു.

വികാർ ജനറാൾ ഫാ. ജോസി താമരശേരി അനുഗ്രഹ പ്രഭാഷണം നടത്തി. നസ്രത്ത് കാർമൽ ആശ്രമപ്രിയോർ ഫാ. പോൾ തുണ്ടുപറമ്പിൽ ജുബിലി മെമൻറോ നൽകി.

മുഹമ്മ സിഎംഐ ആശ്രമ ആത്മീയ ഉപദേഷ്ടാവ് ഫാ. ജോൺ ചിറയിൽ സിഎംഐ ജുബിലി സമ്മാനം നൽകി. റവ ഡോ. സാംജി വടക്കേടം, ഫാ. ജോസഫ് കുറുപ്പശേരി, ഫാ. ആൻറണി കാട്ടുപ്പാറ, ജേക്കബ് മറ്റത്തിൽ എന്നിവർ പ്രസംഗിച്ചു.

# ആലപ്പുഴ ബീച്ചിൽ ബാറ്റേന്തി അസ്ഹറുദ്ദീൻ

ആലപ്പുഴ: കെ. സി. വേണുഗോപാലിൻറെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനാണ് മുൻ ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ മുഹമ്മദ് അസ്ഹറുദ്ദീൻ ആലപ്പുഴയിൽ എത്തിയത്. ബീച്ചിലെ ക്രിക്കറ്റ് സംഘത്തെ കണ്ടപ്പോൾ അദ്ദേഹത്തിന് നിയന്ത്രിക്കാനായില്ല. ക്രിക്കറ്റ് മൈതാനത്ത് ബാറ്റുകൊണ്ട് വിസ്മയങ്ങൾ തീർത്ത അസ്ഹറുദ്ദീനെ നേരിൽ കണ്ടപ്പോൾ ആരാധകരും ആവേശഭരിതരായി.

എന്നെ കൂടെ കളിക്കാൻ കൂട്ടാമോ എന്നായി അസ്ഹർ. മുൻ ഇന്ത്യൻ നായകന് എതിരേ പന്തെറിയാനുള്ള അവസരം ആരാധകരും പാഴാക്കിയില്ല. കളത്തിൽനിന്ന് മാറി നിന്നിട്ട് വർഷങ്ങൾ ആയെങ്കിലും ഷോട്ടുകളുടെ പ്രൗഢിക്ക് യാതൊരു കുറവും ഉണ്ടായില്ല. അൽപനേരം ബീച്ചിൽ ക്രിക്കറ്റ് കളിക്കാൻ സമയം ചെലവഴിച്ച അസ്ഹർ ക്രിക്കറ്റ് ആരാധകർക്കൊപ്പം സെൽഫി എടുത്താണ്മടങ്ങിയത്.

# ഭരണവിരുദ്ധ വികാരം നേട്ടമാകും: യുഡിഎഫ്

കോട്ടയം: സർക്കാർ വിരുദ്ധ വികാരവും കേന്ദ്രഭരണത്തോടുള്ള എതിർപ്പും യുഡിഎഫിന് നേട്ടമാകുമെന്നും ഫ്രാൻസിസ് ജോർജിൻറെ വിജയം ഉറപ്പാണെന്നും യുഡിഎഫ് നേതാക്കളായ തിരുവഞ്ചൂർ രാധാകൃഷ്ണനും മോൻസ് ജോസഫും ഫ്രാൻസിസ് ജോർജും.

സംശുദ്ധ രാഷ്ട്രീയ പാരമ്പര്യമാണ് ഫ്രാൻസിസ് ജോർജിൻറെ കൈമുതൽ. പ്രചാരണത്തിൽ യുഡിഎഫ് ഒറ്റക്കെട്ടായി നിലകൊണ്ടു. യുഡിഎഫിന് അനുകൂലമായ വികാരം എല്ലാ മേഖലയിലും പ്രകടമാണ്. കേരളം ഭരിക്കുന്ന എൽഡിഎഫ് സർക്കാരിന് എടുത്തുകാണിക്കാൻ ഒരു ഭരണനേട്ടവുമില്ല. വ്യക്തിഹത്യ മാത്രമാണ് നിലവിൽ ഇടതുനേതാക്കളുടെ ശൈലി.

പ്രതീക്ഷിച്ച നേട്ടം ലഭിക്കില്ലെന്ന തിരിച്ചറിഞ്ഞതോടെ നരേന്ദ്ര മോദി വർഗീയ വികാരം ആളിക്കത്തിക്കുകയാണ്. ഇന്ത്യയുടെ ആത്മാവിന് മുറിവേൽക്കുംവിധം കഴിഞ്ഞദിവസം വാക്കുകൾകൊണ്ട് മോദി തീബോംബ് വർഷിക്കുകയായിരുന്നു. സമാധാനകാംക്ഷികളും ഇന്ത്യൻ ദേശീയതയെ മാനിക്കുന്നവരും ഭരണഘടനയെ അംഗീകരിക്കുന്നവരും ബിജെപി നിലപാടുകളെ പിന്തുണയ്ക്കില്ല.

ജനങ്ങൾ രക്ഷപ്പെടരുതെന്ന നിലപാടാണു കേരളത്തിലെ ജനവിരുദ്ധ ഇടതുസർക്കാരിനുള്ളത്. കാർഷിക തകർച്ചയ്ക്ക് പരിഹാരമില്ല. പെൻഷൻ മുടങ്ങുന്നു. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ സാമൂഹ്യമാധ്യമങ്ങളിലൂടെ പുറത്തുവിട്ട് തന്നെ അപകീർത്തിപ്പെടുത്താനുള്ള ശ്രമം നേട്ടമാകില്ലെന്ന് ഫ്രാൻസിസ് ജോർജ് പറഞ്ഞു. പത്രസമ്മേളനത്തിൽ നാട്ടകം സുരേഷ്, പി. എ. സലിം എന്നിവരും പങ്കെടുത്തു.

# സി റോഡിൽ പൂവത്ത് മിനിലോറിയും വാഴൂർ റോഡിൽ ചൂളപ്പടിയിൽ കാറും നിയന്ത്രണംവിട്ട് മറിഞ്ഞു

ചങ്ങനാശേരി: എസി റോഡിൽ പൂവം ഭാഗത്തും വാഴൂർ റോഡിൽ പാറേൽ പള്ളിക്കടുത്ത് ചൂളപ്പടിയിലും വാഹനങ്ങൾ നിയന്ത്രണംവിട്ട് മറിഞ്ഞു. മൂന്നു പേർക്ക് നിസാര പരിക്കേറ്റു. കുടിവെള്ളം കയറ്റിവന്ന മിനിലോറി നിയന്ത്രണംവിട്ടാണ് എസി റോഡ് പാറയ്ക്കൽ ഭാഗത്ത് അപകടമുണ്ടായത്. ഇന്നലെ രാവിലെയാണ് സംഭവം.

നീരേറ്റുപുറം ഭാഗത്തുനിന്നു ശുദ്ധജലവുമായി വന്ന മിനിലോറിയാണ് അപകടത്തിൽപ്പെട്ടത്. ലോറി നിയന്ത്രണം നഷ്ടമായി എതിർദിശയിലെ നടപ്പാതയിലേക്ക് ഇടിച്ചു കയറുകയും കൈവരിയിൽ ഇടിച്ച് റോഡിനു കുറുകെ ലോറി മറിയുകയായിരുന്നുവെന്നും പോലീസ് പറഞ്ഞു. ടാങ്ക് പൊട്ടി വെള്ളം റോഡിലൂടെ ഴുകി. നിസാര പരിക്കേറ്റ ഡ്രൈവറെ ആശുപത്രിയിൽ പ്രഥമശുശ്രൂഷകൾക്കുശേഷം വിട്ടയച്ചു.

വാഴൂർ റോഡിൽ ചൂളപ്പടിക്കുസമീപം നിയന്ത്രണം വിട്ട കാർ ഫുട്പാത്തിലിടിച്ചു കയറി തലകീഴായി മറിഞ്ഞതാണ് രണ്ടാമത്തെ അപകടം. കാർ സ്കൂട്ടർ യാത്രക്കാരനെ ഓവർടേക്ക് ചെയ്യാൻ ശ്രമിക്കുമ്പോഴാണ് സംഭവം. സ്കൂട്ടർ യാത്രികനും കാർ യാത്രികനും പരിക്കേറ്റു.

ചങ്ങനാശേരി ഇടക്കരി റോബിൻ ജേക്കബ് (49), പുതുക്കരി അഞ്ചിൽ എ. സി. സെബാസ്റ്റ്യൻ (66) എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ ചെത്തിപ്പുഴ സെൻറ് തോമസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ വൈകുന്നേരം നാലിനാണ് സംഭവം.

# കന്നിവോട്ട് സെൽഫി എടുക്കൂ; സൗജന്യ ഹൗസ്ബോട്ട് യാത്ര തരമാക്കൂ

ആലപ്പുഴ: ലോക്സഭാ തെരഞ്ഞെടുപ്പിൽ കന്നിവോട്ട് ചെയ്യുന്നവർക്കായി സെൽഫി മത്സരം. തെരഞ്ഞെടുപ്പ് പ്രചാരണവിഭാഗമായ ആലപ്പുഴ സ്വീപ്പിൻറെ ആഭിമുഖ്യത്തിലാണ് മത്സരം. 2021ലെ നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തിയവർക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

21 വയസിൽ താഴെയുള്ളവർ ആയിരിക്കണം. വോട്ട് രേഖപ്പെടുത്തിയതിനുശേഷം പോളിംഗ് ബൂത്ത് പരിധിയിൽവച്ചാണ് സെൽഫി എടുക്കേണ്ടത്. ചൂണ്ടുവിരലിലെ മഷി അടയാളം ഉൾപ്പെടെയുള്ള സെൽഫിയാണ് മത്സരത്തിനു പരിഗണിക്കുന്നത്.

സെൽഫി ഫോട്ടോ വോട്ടർമാരുടെ ഫേസ് ബുക്ക് അക്കൗണ്ടിൽ ◌ലഹലരശേീ2024ബല്ലെലുമഹമുൂ്വവ മ ഹാഷ് ടാഗിൽ പോസ്റ്റ് ചെയ്യണം. 26 രാവിലെ ഏഴു മുതൽ വൈകുന്നേരം ഏഴുവരെയാണ് മത്സര സമയം. തെരഞ്ഞെടുക്കപ്പെടുന്ന 20 സെൽഫികൾക്ക് ജില്ലാ തെരഞ്ഞെടുപ്പ് വിഭാഗം ഒരുക്കുന്ന സൗജന്യഹൗസ് ബോട്ട് യാത്രയാണ് സമ്മാനം.

# 'കെറെയിൽ അനുകൂലികൾക്ക് വോട്ടില്ല' പ്രചാരണം ശക്തമാക്കി ജനകീയ സമിതി

കോട്ടയം: കെറെയിൽ അനുകൂലികൾക്ക് വോട്ടില്ല എന്ന മുദ്രാവാക്യമുയർത്തി സംസ്ഥാന വ്യാപകമായി കെ റെയിൽ വിരുദ്ധ ജനകീയ സമിതിയുടെ നേതൃത്വത്തിൽ പ്രചാരണം സംഘടിപ്പിച്ചു കൊണ്ടിരിക്കുകയാണെന്ന് സമരസമിതി ഭാരവാഹികൾ. കെറെയിൽ സിൽവർലൈൻ പദ്ധതി വന്നപ്പോൾ കോട്ടയത്തെ എംപിയും എൽഡിഎഫ് സ്ഥാനാർഥിയുമായ തോമസ് ചാഴികാടൻ സിൽവർലൈൻ പദ്ധതിയെ എതിർത്തുകൊണ്ടുള്ള സമരത്തിൽ പങ്കെടുക്കുകയും പ്രധാനമന്ത്രിക്കും മുഖ്യമന്ത്രിക്കും നിവേദനം നൽകുകയും ചെയ്തതാണ്.

സിൽവർലൈൻ പദ്ധതി സംബന്ധിച്ച് തോമസ് ചാഴികാടൻറെ നിലപാട് വ്യക്തമാക്കണമെന്ന് കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി രക്ഷാധികാരി വി. ജെ. ലാലി, ജില്ലാ ചെയർമാൻ ബാബു കുട്ടൻചിറ, കൺവീനർ സിബി ജോൺ എന്നിവർ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

കെറെയിൽ സിൽവർലൈൻ അനുകൂലികൾക്ക് വോട്ടില്ല എന്ന പ്ലക്കാർഡും പിടിച്ച് സിൽവർലൈൻ കടന്നു പോകുന്ന വഴികളിലൂടെ ഇന്നും നാളെയും സ്ക്വാഡ് പ്രവർത്തനങ്ങളും പ്രധാനകേന്ദ്രങ്ങളിൽ പൊതുസമ്മേളനങ്ങളും നടത്തുമെന്നും ഇവർ അറിയിച്ചു.

കെറെയിൽ സിൽവർലൈൻ വിരുദ്ധ സമരങ്ങളിൽ പങ്കെടുത്തതിൻറെ പേരിൽ സംസ്ഥാന സർക്കാർ എടുത്തിരിക്കുന്ന നൂറുകണക്കിന് കേസുകൾ പിൻവലിക്കണമെന്നും വി. ജെ. ലാലി, ബാബു കുട്ടൻചിറ, സിബി ജോൺ എന്നിവർ ആവശ്യപ്പെട്ടു.

# സിവിൽ സ്റ്റേഷനിലെ ശുചിമുറികൾ അഞ്ചുവർഷമായി അടഞ്ഞുതന്നെ

പാലാ: സിവിൽ സ്റ്റേഷനിലെത്തുന്ന പൊതുജനങ്ങളുടെ സൗകര്യാർഥം നഗരസഭ അഞ്ചു ലക്ഷം രൂപ മുടക്കി നിർമിച്ച ശുചിമുറികൾ വർഷങ്ങൾ കഴിഞ്ഞിട്ടും അടഞ്ഞുതന്നെ.

അഞ്ചു ശുചിമുറികളാണ് 2019ൽ ഉദ്ഘാടനം നടത്തിയത്.

സിവിൽ സ്റ്റേഷന് പിൻവശത്താണ് ശുചിമുറികൾ നിർമിച്ചത്. എന്നാൽ ഇതുവരെ ശുചിമുറികൾ ജനങ്ങൾക്കു തുറന്നുകൊടുക്കാൻ കഴിഞ്ഞിട്ടില്ല.

ശുചിമുറികളിലേക്ക് ആവശ്യമായ വൈദ്യുതിയും വെള്ളവും എത്തിക്കാൻ സാധിച്ചിട്ടില്ല. ഇതിനാവശ്യമായ അപേക്ഷ ലഭിച്ചിട്ടില്ലെന്നാണ് വൈദ്യുതിവകുപ്പ് ഉദ്യോഗസ്ഥരും വാട്ടർ അഥോറിറ്റി ഉദ്യോഗസ്ഥരും താലൂക്ക് സഭയിൽ ഇതു സംബന്ധിച്ച് ഉന്നയിച്ച ചോദ്യത്തിന് മറുപടി നൽകിയത്.

സിവിൽ സ്റ്റേഷനിലെ വിവിധ ഓഫീസുകളിലെത്തുന്ന നൂറുകണക്കിനു ജനങ്ങളുടെയും ഇവിടത്തെ ജീവനക്കാരുടെയും വിവിധ സന്നദ്ധ സംഘടനകളുടെയും നിരന്തര ആവശ്യപ്രകാരമാണ് ശുചിമുറികൾ നിർമിച്ചത്.

ശുചിമുറികൾ പൊളിച്ചുനീക്കി ഇവിടെ മറ്റൊരു കോംപ്ലക്സ് നിർമിക്കാനാണ് അണിയറ നീക്കമെന്നും ഇതിനെ ശക്തമായി എതിർക്കുമെന്നും പാലാ പൗരാവകാശ സമിതി പ്രസിഡൻറ് ജോയി കളരിക്കൻ പറഞ്ഞു.

# കോഴിക്കുഞ്ഞുങ്ങൾ വിൽപനയ്ക്ക്

തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വാഴ്ചകളിലും വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5 രൂപ നിരക്കിലുമാണ് ലഭിക്കുക. വിരിയിപ്പു മുട്ടകൾ വാങ്ങാൻ താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണിവരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടണം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




*ശംഖുമുഖം സുനാമി പാർക്കിൽ നടന്ന തിരഞ്ഞെടുപ്പ് ക്വിസിന്റെ മെഗാഫൈനലിൽ ജേതാക്കളായ ടീമുകൾക്ക് അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ ഷർമിള സി സമ്മാനദാനം നിർവഹിക്കുന്നു*

*തിരഞ്ഞെടുപ്പ് ക്വിസിന്റെ മെഗാഫൈനലിൽ ജേതാക്കളായ ടീമുകൾ അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ ഷർമിള സി യോടൊപ്പം*

# ലോക്സഭാ തിരഞ്ഞെടുപ്പ് ക്വിസ്; മെഗാ ഫൈനലിൽ അയ്യപ്പദാസും ജിതിനും ജേതാക്കൾ

## വിജയികൾക്ക് അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ ഷർമിള സി സമ്മാനദാനം നിർവഹിച്ചു

തിരുവനന്തപുരം:ലോക്സഭാ തിരഞ്ഞെടുപ്പ് ബോധവത്കരണവുമായി ബന്ധപ്പെട്ട് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ പൊതുജനങ്ങൾക്കായി സംഘടിപ്പിച്ച ക്വിസ് മത്സരത്തിന്റെ മെഗാഫൈനലിൽ അയ്യപ്പദാസ് പി എസും ജിതിൻ കെ ജോണും അടങ്ങിയ ടീം ജേതാക്കളായി.

ശരത് വി ആർ, ഷിബു ആർ എന്നിവരുടെ ടീം രണ്ടാം സ്ഥാനവും ശാന്തകുമാർ എസ്, ഹാരിസ് എ എന്നിവരുടെ ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ജേതാക്കൾക്ക് സമാപന ചടങ്ങിൽ അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ ഷർമിള സി സമ്മാനദാനം നിർവഹിച്ചു. വിജയികൾക്ക് 10,000 8000, 6000 രൂപ യഥാക്രമം സമ്മാനത്തുക ലഭിച്ചു. തിരുവനന്തപുരം ശംഖുമുഖത്തെ സുനാമി പാർക്കിൽ വൈകിട്ട് ആറിന് നടന്ന മെഗാ ഫൈനലിൽ രണ്ട് പേരടങ്ങുന്ന ആറു ടീമുകളാണ് മൽസരിച്ചത്. സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളിലായി നടന്ന പ്രാഥമികഘട്ട മൽസരങ്ങളിൽ വിജയിച്ചെത്തിയ 18 ടീമുകളിൽ നിന്ന് പ്രിലിമിനറി മൽസരത്തിലൂടെ തിരഞ്ഞെടുത്ത ആറ് ടീമുകളാണ് മെഗാ ഫൈനലിൽ മാറ്റുരച്ചത്. വൈകിട്ട് 4 മണിക്കാണ് പ്രിലിമിനറി മൽസരം ആരംഭിച്ചത്.

ഒന്നാം സ്ഥാനത്തെത്തിയ ടീമിലെ അയ്യപ്പദാസ് തിരുവനന്തപുരം സ്വദേശിയും സെക്രട്ടേറിയറ്റിൽ അസി. സെക്ഷൻ ഓഫീസറുമാണ്. ആലപ്പുഴ സ്വദേശിയായ ജിതിൻ കെ ജോൺ ധനകാര്യ വകുപ്പിൽ അസി. സെക്ഷൻ ഓഫീസറാണ്. രണ്ടാം സ്ഥാനത്തെത്തിയ ടീമിലെ ശരത് വി ആർ കൊല്ലം സ്വദേശിയും പിഎസ് സിയിൽ അസിസ്റ്റന്റായി ജോലി നോക്കുന്നയാളുമാണ്. ഷിബു വി ആർ നിയമസഭ സെക്രട്ടേറിയറ്റിൽ അസംബ്ലി അറ്റൻഡന്റാണ്. കൊല്ലം സ്വദേശിയാണ്.

മൂന്നാംസ്ഥാനത്തെത്തിയ ടീമിലെ ശാന്തകുമാർ എസ് ചിറയിൻകീഴ് സ്വദേശിയും നിയമസഭ സെക്രട്ടേറിയറ്റിൽ ജോയിന്റ് സെക്രട്ടറിയുമാണ്. കല്ലമ്പലം സ്വദേശിയായ ഹാരിസ് എ പാറശ്ശാല സിഎസ്ഐ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ സ്റ്റഡീസിൽ അസി. പ്രൊഫസറാണ്. വിജയികൾക്ക് സമ്മാനത്തുകയോടൊപ്പം സർട്ടിഫിക്കറ്റും മെമന്റോയും നൽകി.

സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നുമുള്ള രണ്ട് പേരടങ്ങിയ ടീമുകൾ ഏപ്രിൽ 15 മുതൽ 20 വരെ ആറു കോർപ്പറേഷനുകളിലായി നടന്ന ആദ്യഘട്ട മത്സരത്തിൽ പങ്കെടുത്തിരുന്നു. പ്രായ, ലിംഗഭേദമന്യേ ഒട്ടേറെ പേർ പങ്കെടുത്ത ക്വിസ് മൽസരങ്ങളിൽ വലിയ ജനപങ്കാളിത്തമാണുണ്ടായത്. 19 വയസ്സു മുതൽ 65 വയസ്സുവരെ പ്രായമുള്ളവർ മൽസരങ്ങളിൽ പങ്കാളികളായി. പ്രാഥമികഘട്ട മൽസരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ച ടീമുകൾക്ക് യഥാക്രമം 5000, 3000, 2000 എന്നിങ്ങനെ സമ്മാനത്തുക ലഭിച്ചു.

തിരഞ്ഞെടുപ്പ് ചരിത്രം, രാഷ്ട്രീയത്തിലെ പ്രധാനസംഭവങ്ങൾ, ആനുകാലിക തിരഞ്ഞെടുപ്പ് വാർത്തകൾ, സ്വതന്ത്ര്യ സമരം എന്നിവ അധികരിച്ചുള്ള ചോദ്യങ്ങളാണ് തിരഞ്ഞെടുപ്പ് ക്വിസ് മൽസരത്തിൽ ഉൾപ്പെടുത്തിയത്. മഹാത്മാഗാന്ധി സർവകലാശാലയിലെ സെക്ഷൻ ഓഫീസർ ടെസിൻ സൈമണായിരുന്നു ക്വിസ് മാസ്റ്റർ.

# ലോക്സഭാ തെരഞ്ഞെടുപ്പ് : മാലിന്യ നീക്കത്തിനു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

തിരുവനന്തപുരം:2024 ഏപ്രിൽ 26ന് നടക്കുന്ന പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് സ്റ്റേഷനുകൾ, പോളിംഗ് സാമഗ്രികൾ വിതരണം ചെയ്യുന്ന സെന്ററുകൾ, വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യം നീക്കം ചെയ്യലും സംസ്കരണവും സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. പോളിംഗ് സ്റ്റേഷനുകൾ, പോളിംഗ് സാമഗ്രികൾ വിതരണം ചെയ്യുന്ന സെന്ററുകൾ, വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ തരംതിരിച്ച് സംഭരിക്കുന്നതിനുള്ള സംവിധാനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് ഒരുക്കണം. സംഭരിക്കുന്ന മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഹരിത കർമ്മസേനയ്ക്കോ ബന്ധപ്പെട്ട ഏജൻസികൾക്കോ കൈമാറിയിട്ടുണ്ടെന്ന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തണം.

വിവിധ കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പോളിംഗ് സ്റ്റേഷനുകളുടെ എണ്ണത്തിനനുസരിച്ച് ഉദ്യോഗസ്ഥൻ / ഹരിതകർമ്മസേന / ഏജൻസി എന്നിവരെ ചുമതലപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി / ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉത്തരവ് പുറപ്പെടുവിക്കണം. മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫ് / ആർ.ആർ.എഫ്ൽ എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ പ്ലാൻ മുൻകൂട്ടി തയ്യാറാക്കി വാഹന സൗകര്യം ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയോ ചുമതലയുള്ള ഉദ്യോഗസ്ഥനോ ഏർപ്പെടുത്തണം.

മാലിന്യങ്ങൾ യഥാസമയം എം.സി.എഫ്. / ആർ.ആർ.എഫ്ൽ നീക്കം ചെയ്തിട്ടുണ്ടെന്നുള്ള റിപ്പോർട്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയോ ചുമതലയുള്ള ഉദ്യോഗസ്ഥനോ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ, ബന്ധപ്പെട്ട വരണാധികാരി, ഉപവരണാധികാരി, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ എന്നിവർക്ക് ലഭ്യമാക്കണം. വിവിധ തിരഞ്ഞെടുപ്പ് സ്ക്വാഡുകൾ പിടിച്ചെടുക്കുന്ന ബോർഡുകൾ, കൊടി തോരണങ്ങൾ, ബാനറുകൾ, പോസ്റ്ററുകൾ തുടങ്ങിയവ ബന്ധപ്പെട്ട തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ അറിയിക്കുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവ തരം തിരിച്ച് സംസ്കരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച സർക്കുലറിൽ പറയുന്നു.

## പരിശോധന ക്യാമ്പ്

മുച്ചുണ്ടും, മുറിയണ്ണാക്കും ഉള്ള വ്യക്തികളുടെ സമഗ്ര പരിശോധനക്കായി മെയ് 4ന് നിഷ്ൽ ക്യാംപ് സംഘടിപ്പിക്കുന്നു. ഇ എൻ ടി, സൈക്കോളജി, ഫിസിയോതെറപ്പി, ഒക്ക്യൂപഷനൽ തെറപ്പി, സോഷ്യൽ വർക്ക്, കേൾവി, സംസാര ഭാഷ വിദഗ്ദർ എന്നിവർക്ക് പുറമെ മാലക്കര സെന്റ് തോമസ് ഹോസ്പിറ്റലിൽ നിന്നുള്ള ശസ്ത്രക്രിയ, ദന്താരോഗ്യ വിഭാഗ വിദഗ്ദ്ധരുടെയും സേവനം ലഭ്യമാണ്. രാവിലെ 8.30 മുതൽ 2 മണി വരെയാണ് ക്യാംപ്. മുൻകൂറായി രജിസ്റ്റർ ചെയ്യുവാനും, വിശദ വിവരങ്ങൾക്ക്: 0471 2944622/ 2944648.

## ജെസിബിയുടെ സ്പെയർ പാർട്സുകൾ മോഷ്ടിച്ചയാൾ അറസ്റ്റിൽ

കാട്ടാക്കട: ജെസിബിയുടെ സ്പെയർ പാർട്സുകൾ ഉൾപ്പടെ മോഷണം നടത്തിയ കേസിലെ പ്രതി പിടിയിൽ. വിളപ്പിൽ കാരോട് സ്വദേശി ഷിജി ഭവനിൽ വാടകയ്ക്ക് താമസക്കുന്ന എ. അരവിന്ദ് (30 ) ആണ് മലയിൻകീഴ് പോലീസിൻറെ പിടിയിലായത്. വീട്ടിന് പുറത്ത് സൂക്ഷിച്ചിരുന്ന ജെസിബിയുടെ സ്പെയർ പാർട്സുകളാണ് ഇയ്യാൾ മോഷ്ടിച്ചത്. തിങ്കളാഴ്ച വൈകിട്ട് മൂന്നിനായിരുന്നു മോഷണം നടത്തിയത്. പോലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്. മോഷണ വസ്തുക്കൾ പ്രതി വിവിധ ആക്രികടകളി വിറ്റതായി പോലീസ് പറയുന്നു.

കാട്ടാക്കട ഡിവൈഎസ്പി ജയകുമാറിൻറെ നിർദ്ദേശ പ്രകാരം മലയിൻകീഴ് എസ്എച്ച്ഒ നിസാമുദ്ദീൻറെ നേതൃത്വത്തിൽ എസ്ഐ രാഹുൽ, ജിഎസ്ഐ നജീബ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതിയെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# രാജ്യത്ത് ബിജെപിക്കെതിരെ അടിയൊഴുക്ക് ശക്തം: മല്ലികാർജുൻ ഖാർഗെ

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിൽ രാജ്യത്ത് ബിജെപിക്കെതിരായ അതിശക്തമായ അടിയൊഴുക്കുണ്ടെന്നും അത് ഇന്ത്യാ മുന്നണിക്ക് അനുകൂലമായി മാറിയിട്ടുണ്ടെന്നും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഗാർഗെ. ഒന്നാംഘട്ട തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ തന്നെ ഈ അടിയൊഴുക്ക് തിരിച്ചറിഞ്ഞാണ് പ്രധാനമന്ത്രി നരേന്ദ്രമോദി വർഗീയവിദ്വേഷ പ്രസംഗങ്ങളിലേക്ക് തിരിഞ്ഞിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കെപിസിസി മാധ്യമ സമിതി ഇന്ദിരാഭവനിൽ സംഘടിപ്പിച്ച മുഖാമുഖം പരമ്പരയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മക്കളുടെ എണ്ണവും മംഗല്യസൂത്രവുമൊക്കെ പറഞ്ഞാണ് മോദി ഇപ്പോൾ വോട്ടുപിടിക്കാൻ ഇറങ്ങിയിരിക്കുന്നത്. ഇതൊക്കെ ആരെ ലക്ഷ്യമിട്ടാണെന്ന് എല്ലാവർക്കും അറിയാം. മുസ്ലിം വിരുദ്ധ പ്രചരണം വോട്ടാക്കി മാറ്റാനാണ് മോദിയുടെ ശ്രമം. രാജ്യത്തെ ജനങ്ങളെ മതത്തിൻറെ പേരിൽ വേർതിരിച്ച് കാണാൻ പാടില്ല. മുസ്ലീങ്ങൾക്കെതിരായ പരാമർശം തെറ്റായ രാഷ്ട്രീയമാണ്. ഒരു മതവിഭാഗത്തിൽ മാത്രമല്ല കുട്ടികൾ കൂടുന്നത്. ഗ്യാരൻറികൾ നൽകുക എന്നതു മാത്രമാണ് മോദിയുടെ ഗ്യാരൻറി. വർഷം തോറും രണ്ടു ലക്ഷം തൊഴിലവസരങ്ങൾ, അക്കൗണ്ടിൽ 15 ലക്ഷം രൂപ, കർഷകരുടെ വരുമാനം ഇരട്ടിയാക്കും എന്നെല്ലാമാണ് മുമ്പ് മോദി പറഞ്ഞിരുന്നത്. ഇതെല്ലാം എന്തായെന്ന് ഖാർഗെ ചോദിച്ചു. മോദി ഒരു പെരുംനുണയനാണ്. അദ്ദേഹം നിരന്തരമായി കള്ളം പറഞ്ഞുകൊണ്ടേയിരിക്കുകയാണ്. വില കുറഞ്ഞ രാഷ്ട്രീയക്കാരനെപ്പോലെയാണ് മോദി പെരുമാറിക്കൊണ്ടിരിക്കുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി. തൊഴിലില്ലായ്മയും നാണ്യപ്പെരുപ്പവുമാണ് രാജ്യത്തെ പ്രധാനപ്രശ്നം. എന്നാൽ അതേക്കുറിച്ച് മോദി മിണ്ടുന്നതേയില്ല. കോൺഗ്രസ് നൽകുന്ന വാഗ്ദാനങ്ങൾ എല്ലാം നടപ്പാക്കുന്ന ഉറപ്പുകളാണ്. കർണാടക, തെലങ്കാന, ഹിമാചൽ എല്ലാം ഇതിന് ഉദാഹരണങ്ങളാണ്. അവിടെയെല്ലാം അധികാരത്തിൽ വന്നയുടനെ തന്നെ കോൺഗ്രസ് തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ നിറവേറ്റിയെന്നും ഖാർഗെ പറഞ്ഞു. പതിവിന് വിപരീതമായി തെരഞ്ഞെടുപ്പ് കമ്മീഷനെ നിയമിക്കുന്നതും തെരഞ്ഞെടുപ്പ് നടത്തുന്നതുമെല്ലാം മോദിയാണ്. അതുകൊണ്ടുതന്നെ തെരഞ്ഞെടുപ്പ് സംബന്ധിച്ച പരാതികളിൽ പരിഹാരമില്ല. മോദിയുടെ തെരഞ്ഞെടുപ്പ് ചട്ടലംഘനങ്ങൾക്കെതിരെ തെരഞ്ഞെടുപ്പ് കമ്മീഷൻ നിശബ്ദമാണ്. കേരളത്തിൽ യുഡിഎഫ് ഇരുപതിൽ 20 സീറ്റും ജയിക്കും. യുഡിഎഫിന്റെ സ്ഥാനാർഥികളെല്ലാം മികച്ചവരും പോരാളികളുമാണ് അദ്ദേഹം ചൂണ്ടിക്കാട്ടി. കെപിസിസി ആക്ടിങ് പ്രസിഡന്റ് എം എം ഹസൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, എഐസിസി ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷി, എഐസിസി സെക്രട്ടറി വിശ്വനാഥ പെരുമാൾ, തിരുവനന്തപുരം, ആറ്റിങ്ങൽ മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളായ ശശി തരൂർ, അടൂർ പ്രകാശ്, മാധ്യമ സമിതി അധ്യക്ഷൻ ചെറിയാൻ ഫിലിപ്പ് എന്നിവരും പങ്കെടുത്തു. മക്കളുടെ എണ്ണം; മോദിക്ക് ഖാർഗെയുടെ ചുട്ടമറുപടി തിരുവനന്തപുരം: മക്കളുടെ എണ്ണം പറഞ്ഞ് വോട്ടുപിടിക്കാൻ ശ്രമിക്കുന്ന നരേന്ദ്ര മോദിക്ക് മല്ലികാർജുൻ ഖാർഗെയുടെ ചുട്ടമറുപടി. അഞ്ച് മക്കളുള്ള പിതാവാണ് താനെന്നും മക്കളുടെ എണ്ണം നിയന്ത്രിക്കാൻ തീരുമാനിച്ചപ്പോൾ തന്റെ പിതാവ് വിലക്കിയെന്നും ഖാർഗെ പറഞ്ഞു. തന്റെ കൂട്ടുകുടുംബത്തിലെ എല്ലാ അംഗങ്ങളും ഒരു അപകടത്തിൽ മരിച്ചപ്പോൾ അവശേഷിച്ചത് താൻ മാത്രമാണ്. ഒരു കുടുംബത്തിൽ കൂടുതൽ കുട്ടികളുണ്ടാകുന്നത് ബാധ്യതയായി കരുതേണ്ടതില്ലെന്നും ഖാർഗെ പറഞ്ഞു. 14 മക്കളുള്ള കുടുംബത്തിലെ ഏറ്റവും ഇളയകുട്ടിയായിരുന്നു ഡോ. ബി.ആർ അംബേദ്ക്കർ. ലാലുപ്രസാദ് യാദവിന് ഒമ്പതു മക്കളുണ്ടായിരുന്നു. അതൊന്നും അറിയാതെ ഒരു മതവിഭാഗത്തെ കുട്ടികളുടെ പേരിൽ വിമർശിക്കുന്ന മോദി രാജ്യത്തിൻറെ ചരിത്രം പഠിക്കേണ്ടതുണ്ടെന്നും ഖാർഗെ പറഞ്ഞു.

# വോട്ടർമാർക്ക് ഓർമകളുണ്ടായിരിക്കണം: വി.ഡി സതീശൻ

തിരുവനന്തപുരം: പോളിങ് ബൂത്തിലെത്തുന്ന വോട്ടർമാർക്ക് മോദി സർക്കാരിന്റെയും പിണറായി സർക്കാരിന്റെയും ജനദ്രോഹ നടപടികളെക്കുറിച്ച് ഓർമകളുണ്ടായിരിക്കണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. മോദിയുടെ ഗ്യാരണ്ടികൾക്ക് പഴയ ചാക്കിന്റെ വിലയേയുള്ളൂ. മോദിയുടെ 15 ലക്ഷം രൂപ, രണ്ടുകോടി തൊഴിൽ, അമ്പത് രൂപയ്ക്ക് പെട്രോൾ തുടങ്ങിയ വാഗ്ദാനങ്ങളൊക്കെ കാറ്റിൽപ്പറന്നു. പിണറായി സർക്കാർ പാവപ്പെട്ട ഒരു കോടി ആളുകളുടെ പെൻഷനാണ് ഇല്ലാതാക്കിയത്. സർക്കാർ ആശുപത്രികളിൽ മരുന്നില്ല. സപ്ലൈകോയിലും റേഷൻകടകളിലും സാധനങ്ങളില്ല. കാരുണ്യ പദ്ധതി നിലച്ചുവെന്നും അദ്ദേഹം പറഞ്ഞു. ദീർഘവീക്ഷണത്തോടെ മൻമോഹൻസിങ് സമ്പത്തിന്റെ നീതിപൂർവമായ വിതരണത്തെക്കുറിച്ച് പ്രസംഗിച്ചതാണ് മോദി ഇപ്പോൾ വളച്ചൊടിച്ച് അതിൽ വർഗീയത കണ്ടെത്തിയത്. ദളിതർ, ആദിവാസികൾ, പിന്നോക്ക വിഭാഗക്കാർ, ന്യൂനപക്ഷങ്ങൾ തുടങ്ങിയ പാർശ്വവത്ക്കരിക്കപ്പെട്ട ജനസമൂഹങ്ങൾക്ക് കൂടുതൽ സമ്പത്ത് വിതരണം ചെയ്യണമെന്ന ആശയമാണ് മൻമോഹൻസിങ് മുന്നോട്ടു വെച്ചത്. മോദി അതിനെ വക്രീകരിച്ച് തെറ്റിദ്ധാരണ പരത്തി വോട്ടാക്കി മാറ്റാൻ ശ്രമിക്കുകയാണ്. കേരളത്തിൽ യുഡിഎഫ് ഇക്കുറി ചരിത്ര വിജയം നേടും. രണ്ടു സീറ്റെങ്കിലും കിട്ടിയാൽ മഹാവിജയമെന്ന എംവി ഗോവിന്ദന്റെ പ്രസ്താവന തോൽവി സമ്മതിച്ചു കൊണ്ടുള്ള മുൻകൂർ ജാമ്യമാണ്. കരിവന്നൂരിലും മാസപ്പടിയിലും ഇ.ഡി നോട്ടീസ് കാട്ടി ബിജെപി മുഖ്യമന്ത്രിയെയും പാർട്ടിയെയും വിരട്ടി നിർത്തിയിരിക്കുകയാണ്. അതിന്റെ ഭാഗമായി തൃശൂർ മണ്ഡലത്തിലടക്കം ബിജെപി സിപിഎം അന്തർധാര ശക്തമാണെന്നും ഇതെല്ലാം മറികടന്ന് യുഡിഎഫ് 20ൽ 20 സീറ്റും നേടുമെന്നും അദ്ദേഹം പറഞ്ഞു.

ഡൽഹി ലഫ്റ്റനന്റ് ഗവർണർ വി.കെ സക്സേന മതമേലധ്യക്ഷൻമാരെ കാണാനെത്തുന്നത് അനുചിതവും ചട്ടലംഘനവുമാണ്. ഇക്കാര്യത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടിയെടുക്കണമെന്നും സതീശൻ ആവശ്യപ്പെട്ടു. മാധ്യമസമിതി ചെയർമാൻ ചെറിയാൻ ഫിലിപ്പും മുഖാമുഖം പരിപാടിയിൽ പങ്കെടുത്തു.

# വോട്ടിംഗ് യന്ത്രത്തിൽ ഹാക്കിംഗിനോ അട്ടിമറിക്കോ തെളിവില്ലെന്ന് സുപ്രീംകോടതി; കേസ് വിധി പറയാൻ മാറ്റി

ന്യൂഡൽഹി: ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിൽ ഹാക്കിംഗിനോ അട്ടിമറിക്കോ തെളിവില്ലെന്ന് സുപ്രീംകോടതി. പേപ്പർ ബാലറ്റിലേക്കു തിരിച്ചുപോകണമെന്നല്ല പറയുന്നതെന്നും ചില ഉറപ്പുകൾ തേടുകയാണു ചെയ്തതെന്നും കോടതി വ്യക്തമാക്കി.

വിവിപാറ്റ് മെഷീനുകളുടെ പ്രവർത്തനം സംബന്ധിച്ച് സുപ്രീംകോടതി ഉന്നയിച്ച ചോദ്യങ്ങൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ മറുപടി നൽകിയിരുന്നു. പോളിംഗിനു ശേഷം വോട്ടിംഗ് യന്ത്രവും കൺട്രോൾ യൂണിറ്റും വിവിപാറ്റും മുദ്രവയ്ക്കും.

വോട്ടിംഗ് മെഷീനിൻറെ ബാലറ്റ് യൂണിറ്റ്, കൺട്രോൾ യൂണിറ്റ്, വിവിപാറ്റ് എന്നീ മൂന്നിനും മൈക്രോ കൺട്രോളേഴ്സ് ഉണ്ട്. മൈക്രോ കൺട്രോൾ പ്രോഗ്രാം ചെയ്യുന്നത് ഒരു തവണ മാത്രമാണ്. ചിഹ്നം ലോഡ് ചെയ്യുന്ന യൂണിറ്റുകളുടെ കണക്കുകളും സുപ്രീംകോടതിയെ അറിയിച്ചു.തെരഞ്ഞെടുപ്പിനെ നിയന്ത്രിക്കാൻ കോടതിക്ക് കഴിയില്ലെന്നും ഭരണഘടനാ സ്ഥാപനത്തെ നിയന്ത്രിക്കാനില്ലെന്നും ജസ്റ്റീസുമാരായ സഞ്ജീവ് ഖന്ന, ദിപാങ്കർ ദത്ത എന്നിവരുടെ ബെഞ്ച് പരാമർശിച്ചു. കേസിൽ വാദം പൂർത്തിയാക്കി വിധി പറയാൻ മാറ്റി.വിവിപാറ്റ് മെഷീനുകളുടെ പ്രവർത്തനം വിശദീകരിക്കാൻ ഇന്ന് ഹാജരാകാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്യോഗസ്ഥർക്ക് സുപ്രീംകോടതി നിർദേശം നൽകിയിരുന്നു. വിവിപാറ്റിൻറെ പ്രവർത്തനം, സോഫറ്റ്വെയർ തുടങ്ങി സാങ്കേതിക വിഷയങ്ങൾ വിശദീകരിക്കണമെന്നാണ് കോടതി നിർദേശിച്ചത്.

മൈക്രോ കൺട്രോളർ കൺട്രോളിംഗ് യൂണിറ്റിലാണോ വിവി പാറ്റിലാണോ ഉള്ളത്? മൈക്രോ കൺട്രോളർ ഒറ്റത്തവണയാണോ പ്രോഗ്രാം ചെയ്യുന്നത്? ചിഹ്നങ്ങൾ ലോഡ് ചെയ്യുന്ന യൂണിറ്റുകൾ എത്ര? വോട്ടിംഗ് മെഷീൻ സീൽ ചെയ്തു സൂക്ഷിക്കുമ്പോൾ കൺട്രോൾ യൂണിറ്റും വിവി പാറ്റും സീൽ ചെയ്യുന്നുണ്ടോ? ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിലെ ഡേറ്റ 45 ദിവസത്തിൽ കൂടുതൽ സൂക്ഷിക്കേണ്ടതുണ്ടോ? എന്നിവയാണ് കോടതി വ്യക്തത തേടിയ വിഷയങ്ങൾ. അതേസമയം, ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിലെ സോഴ്സ് കോഡ് പരസ്യപ്പെടുത്താനാകില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി.

അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക്ക് റിഫോംസ് ആണ് ഹർജി നല്കിയത്. മുഴുവൻ വിവിപാറ്റുകളും എണ്ണുന്നത് പ്രായോഗികമല്ലെന്ന നിലപാടാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ സുപ്രീം കോടതിയെ അറിയിച്ചത്. നിലവിൽ, ഓരോ നിയമസഭാ മണ്ഡലങ്ങളിലെയും അഞ്ച് ബൂത്തുകളിൽ നിന്നുള്ള വിവിപാറ്റുകളാണ് എണ്ണുന്നത്.

## പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

2023ലെ ഡി.എൽ.എഡ് (അറബിക്, ഉറുദു, ഹിന്ദി, സംസ്കൃതം) രണ്ട്, നാല് സെമസ്റ്റർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദമായ പരീക്ഷാഫലം പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.p-ar-e-e-k-sh-a-b-h-av-an.k-er-a-l-a.gov.in) ലഭ്യമാണ്.